വില ₹ 10

# പ്രതിച്ഛായ

30 നവംബര്‍ 2011

## യുപി വിഭജനം അനിവാര്യമോ?




## കുരുക്കുകളില്‍ തകരുന്ന കര്‍ഷകജീവിതം

# പ്രതിച്ഛായ

## വാർഷികപതിപ്പ്

## 2011



പ്രതിച്ഛായ വാരികയുടെ ഈ വർഷത്തെ വാർഷികപതിപ്പ് ഡിസംബർ അവസാന ആഴ്ചയിൽ പ്രസിദ്ധീകരിക്കുന്നു. ആകർഷകമായ ഈ ബഹുവർണപതിപ്പ് വായനക്കാർക്കു വിഭവസമൃദ്ധമായ അക്ഷരവിരുന്നായിരിക്കും. മലയാളത്തിലെ പ്രമുഖരായ എഴുത്തുകാരുടെ കതിർക്കനമുള്ള രചനകൾ. നോവൽ, നാടകം, ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, കാർട്ടൂണുകൾ. ഒപ്പം പതിവു പംക്തികളും. വാർഷികപതിപ്പിനു പ്രത്യേക വില ഉണ്ടായിരിക്കുന്നതല്ല. പ്രതിച്ഛായയുടെ എല്ലാ വരിക്കാർക്കും തപാലിൽ ലഭിക്കും. ഏതു ദിവസമാണ് അയയ്ക്കുന്നതെന്നു മുൻകൂട്ടി അറിയിക്കും. വാർഷികപതിപ്പ് നഷ്ടപ്പെടാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കണം. ഡിസംബറിനു മുമ്പു വരിസംഖ്യ തീരുന്നവർ,

*(നിങ്ങൾക്കു വരുന്ന വാരികയുടെ റാപ്പർ ശ്രദ്ധിക്കുക)*

നേരത്തേ തന്നെ വരിസംഖ്യ അടച്ച് വാർഷികപതിപ്പ് ഉറപ്പാക്കുമല്ലോ.

ചീഫ് എഡിറ്റർ

NEWS WEEKLY
Palace Road, Kottayam -1
Ph: 0481 2564085
Email : pratichaya@gmail.com
Website : www.pratichaya.com

ലക്കം 10
30 നവംബർ 2011
വില ₹ 10

# പ്രതിച്ഛായ

## 6 സമകാലികം

### ജനകീയ മുന്നേറ്റത്തിന്റെ ലിബിയൻ പാഠങ്ങൾ




സിജോ കെ. മാനുവൽ

## 14 വേൾഡ് വിഷൻ



### ജനാധിപത്യത്തിന്റെ പിള്ളത്തൊട്ടിലിൽ സാമ്പത്തിക പ്രതിസന്ധി

എൻ. ഗോപീകൃഷ്ണൻ

## 26 പൈതൃകം

### കാളിദാസൻ ഇന്ത്യയുടെ മഹാനായ കവിയും നാടകകൃത്തും

## വിശകലനം 28



### യു.പി. വികസനത്തിനു വിഭജനം അനിവാര്യമോ?



## 31 നളചരിതം - 5

### നളൻ ദമയന്തിയെ പിരിഞ്ഞുപോകുന്നു

സവ്യസാചി

മുഖക്കുറി 4
കരിക്കുലം കമ്മിറ്റിയും ഗവൺമെണ്ടും അറിയാൻ

തെറ്റും തിരുത്തും 9
കാലാതീതം, ഈ ഗന്ധർവ സംഗീതം
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

പോളിട്രിക്സ് 13
വിജയൻ

ആഴ്ചക്കുറിപ്പുകൾ 16
കെ.എം.തോമസ്

വാരവിചാരണ 19
ജയ്സൺ ജോസ്

കണ്ണിനും കണ്ണാടിക്കും 22
കുരുക്കുകളിൽ തകരുന്ന കർഷകജീവിതം
എസ്. കൃഷ്ണദാസ്

സുദർശനം 24
വാതിലെന്നും അടഞ്ഞുകിടക്കും
കിളിരൂർ രാധാകൃഷ്ണൻ

സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി 35

പഞ്ചതന്ത്രം (പുനരാഖ്യാനം) 36
ബുദ്ധിയാണു ശക്തി
പീറ്റർ കുരിശിങ്കൽ

സിപ്പിയങ്കിളും കുട്ട്യോളും 37
ആയിരം കടലാസുകൊക്കുകൾ
സിപ്പി പള്ളിപ്പുറം

കുഞ്ഞൻ രാജ്യങ്ങൾ 38
മാർഷൽ ദ്വീപുകൾ
കേരവൃക്ഷങ്ങളുടെ നാട്

മറുവശം 40
നികൃഷ്ട ജീവിയാകാം പുഴുപാടില്ല
സാക്ഷി

വാർത്തകൾ 41,42,43

നുറുങ്ങറിവ് 46
ആഹാരക്രമത്തിലൂടെ ആരോഗ്യം
ടി.കെ. മാറിയിടം

ന്യൂസ് ഡയറി 48

അക്ഷരലോകം 50

വരിസംഖ്യ (₹ 300) പുതുക്കേണ്ട തീയതി റാപ്പറിൽ ചേർത്തിരിക്കുന്നതു ശ്രദ്ധിക്കുക. വാരിക മുടങ്ങാതിരിക്കാൻ യഥാസമയം വരിസംഖ്യ അടയ്ക്കുമല്ലൊ.

# കരിക്കുലം കമ്മിറ്റിയും ഗവൺമെണ്ടും അറിയാൻ

## പാഠപുസ്തക അച്ചടിയും വിതരണവും അവസാനിപ്പിക്കാൻ സമയമായി

സംസ്ഥാനത്തെ വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി പുനഃസംഘടിപ്പിച്ചിരിക്കുന്നു. ഭരണത്തിന്റെ ആദ്യ ആറു മാസത്തിനുള്ളിൽ തന്നെ വളരെ നിർണായകമായ ഈ തീരുമാനം പ്രായോഗികമാക്കിയതു തീർച്ചയായും അഭിനന്ദനാർഹമാണ്. മുൻ യുഡിഎഫ് ഗവൺമെണ്ടുകൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ വച്ചിരുന്നില്ല എന്ന പരാതി അന്നേയുണ്ടായിരുന്നു. അതു ചില രാഷ്ട്രീയ പാർട്ടികളെയും അക്കൂട്ടത്തിലുള്ള ചില ആളുകളെയും പിണക്കേണ്ട എന്ന ഔദാര്യം കൊണ്ടോ ഭീരുത്വം കൊണ്ടോ ആയിരുന്നു.

അങ്ങനെയല്ല, വലതു പക്ഷത്തു വിദ്യാഭ്യാസ വിദഗ്ധരില്ലാത്തതു കൊണ്ടാണ് എന്ന ആക്ഷേപവും രഹസ്യമായി പ്രചരിച്ചിരുന്നു. അതെന്തായാലും ഉമ്മൻചാണ്ടി സർക്കാർ ഇക്കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു ധീരവും സത്യസന്ധവുമായ നിലപാടാണ് എന്നു പറയാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

ഇടതുപക്ഷത്തെ പ്രതിനിധാനം ചെയ്യുന്ന ഒരംഗം മാത്രമേ കമ്മിറ്റിയിലുള്ളു. കമ്മിറ്റിയെ പൂർണമായി രാഷ്ട്രീയവത്ക്കരിച്ചു എന്ന ആക്ഷേപം ഉന്നയിക്കാൻ ഇതിന്റെ പേരിൽ ഇടതുപക്ഷം തുനിഞ്ഞെന്നു വരും.

അങ്ങനെയുണ്ടായാൽ അത് അവഗണിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. വിദ്യാഭ്യാസരംഗം രാഷ്ട്രീയവത്ക്കരിക്കുന്നതിന് ഒളിഞ്ഞും തെളിഞ്ഞും കരുക്കളൊരുക്കിയത് 1957ൽ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റു ഗവൺമെണ്ടാണെന്ന വസ്തുത ആർക്കാണറിഞ്ഞു കൂടാത്തത്? ഇടതുപക്ഷം ചെയ്യുമ്പോൾ ഇക്കാര്യങ്ങൾ രാഷ്ട്രീയമുക്തവും വലതുപക്ഷം ചെയ്യുമ്പോൾ രാഷ്ട്രീയബദ്ധവുമാകും എന്ന വിചിത്രമായ വാദത്തെ ആരും അംഗീകരിച്ചു കൊടുക്കേണ്ടതില്ല. യാഥാർത്ഥ്യബോധത്തോടെ പാഠപുസ്തകങ്ങൾ ചിട്ടപ്പെടുത്താൻ പുതിയ കരിക്കുലം കമ്മിറ്റി തയ്യാറാകേണ്ടതുണ്ട്. അറിവിന്റെ അധുനാതന മേഖലകളിലേക്കു കുട്ടികളെ നയിക്കുന്നതാവണം പാഠഭാഗങ്ങൾ. ചരിത്ര വസ്തുതകൾ സത്യസന്ധമായി ഉൾപ്പെടുത്തണം. അവ ആരുടെയും വികാരങ്ങൾ വ്രണപ്പെടുത്തുന്നതാവരുത്. മൂല്യവിദ്യാഭ്യാസം എന്ന ലക്ഷ്യം പാഠഭാഗങ്ങളിലൂടെ സാക്ഷാത്ക്കരിക്കാൻ കഴിയുകയും വേണം.

പാഠപുസ്തക നിർമിതിയെയും വിതരണത്തെയുംപറ്റി ഒരു പ്രത്യേക കാര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു. ഗവൺമെണ്ടു പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്ന രീതി അവസാനിപ്പിക്കണം. ഇലക്ട്രോണിക് മീഡിയാ ഇത്രയധികം വികസിക്കുകയും വ്യാപകമാവുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ സാധ്യതകൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താനാണു നമ്മൾ ശ്രദ്ധിക്കേണ്ടത്.

പാഠപുസ്തകങ്ങൾ ഓൺലൈനായി ലഭ്യമാക്കിയാൽ മതിയാകും. പാഠ്യപദ്ധതിയും പാഠഭാഗങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുക. സ്കൂൾ അധികൃതരും രക്ഷാകർത്താക്കളും കുട്ടികൾക്കുവേണ്ടി അവയെല്ലാം ഡൗൺലോഡു ചെയ്തുകൊള്ളും. സ്വകാര്യ പ്രസാധകർക്കു താത്പര്യമുണ്ടെങ്കിൽ സൈറ്റിൽ നിന്നെടുത്ത് അച്ചടിച്ചു നല്കുകയും ചെയ്തു കൊള്ളട്ടെ.

പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും മാറിമാറിവരുന്ന ഗവൺമെണ്ടുകൾക്ക് എന്നും തലവേദനയാണ്. ഒരിക്കലും സമയത്ത് അച്ചടി പൂർത്തിയാക്കാനോ പാഠപുസ്തങ്ങൾ സ്കൂളുകളിലെത്തിക്കാനോ ഒരു ഗവൺമെണ്ടിനും കഴിയുന്നില്ല.

മാത്രവുമല്ല, ആ രംഗത്ത് അഴിമതി നടക്കുന്നു എന്ന ആരോപണങ്ങളും ധാരാളം. ഇതിൽ നിന്നെല്ലാം ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മോചിതമാകാൻ ഗവൺമെണ്ടിനു സാധിക്കും എന്ന ആശ്വാസവുമുണ്ട്. പ്രവേശനം, ഹോൾടിക്കറ്റ് വിതരണം, ചോദ്യപേപ്പറുകൾ തുടങ്ങിയവയെല്ലാം ഓൺലൈൻ വഴി ലഭ്യമാക്കി തുടങ്ങിയിരിക്കുന്ന ഇക്കാലഘട്ടത്തിൽ പാഠപുസ്തകങ്ങളുടെ കാര്യത്തിലും ഒരു നൂതന സമീപനം ഉണ്ടാകുന്നതു കാലോചിതവും കാര്യക്ഷമവുമായിരിക്കും.

ഇത്തരമൊരു നവീനസംവിധാനം എതിർപ്പുകളില്ലാതെ സ്വീകരിക്കപ്പെടുമെന്നു പ്രതീക്ഷിക്കേണ്ട. യന്ത്രവത്കൃത റാട്ടുകളും ഉഴവു-മെതിയന്ത്രങ്ങളും കമ്പ്യൂട്ടറും എടിഎമ്മും ഒക്കെവന്നപ്പോൾ ആദ്യം സംഘടിതമായി എതിർക്കപ്പെടുകയും പിന്നീട് ഉദാരമായി സ്വീകരിക്കപ്പെടുകയും ചെയ്ത ചരിത്രം നമുക്കുണ്ടല്ലോ. ഇക്കാര്യത്തിൽ അതൊരു പാഠമായിരിക്കുമെന്നു കരുതാം.

പുതിയ കരിക്കുലം കമ്മിറ്റിയും ഗവൺമെണ്ടും ഈ വസ്തുതകൾ അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**

പാഠപുസ്തക നിർമിതിയെയും വിതരണത്തെയുംപറ്റി ഒരു പ്രത്യേക കാര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു. ഗവൺമെണ്ടു പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്ന രീതി അവസാനിപ്പിക്കണം. ഇലക്ട്രോണിക് മീഡിയാ ഇത്രയധികം വികസിക്കുകയും വ്യാപകമാവുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അതിന്റെ സാധ്യതകൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താനാണു നമ്മൾ ശ്രദ്ധിക്കേണ്ടത്. പാഠപുസ്തകങ്ങൾ ഓൺലൈനായി ലഭ്യമാക്കിയാൽ മതിയാകും. പാഠ്യപദ്ധതിയും പാഠഭാഗങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക. സ്കൂൾ അധികൃതരും രക്ഷാകർത്താക്കളും കുട്ടികൾക്കുവേണ്ടി അവയെല്ലാം ഡൗൺലോഡു ചെയ്തുകൊള്ളും. സ്വകാര്യ പ്രസാധകർക്കു താത്പര്യമുണ്ടെങ്കിൽ സൈറ്റിൽ നിന്നെടുത്ത് അച്ചടിച്ചു നല്കുകയും ചെയ്തു കൊള്ളട്ടെ.

# ജീവരഹസ്യത്തിന്റെ വായനക്കാരൻ

ജനിതക കോഡിന്റെ കണ്ടെത്തലി ലൂടെ ആധുനിക ജനിതകശാസ്ത്ര ത്തിന്റെ വികാസത്തിന് അടിത്തറ പാകിയ ഹർഗോവിന്ദ് ഖൊറാന എന്ന ശാസ്ത്രവിസ്മയത്തിന്റെ ഇഹലോക ത്തുനിന്നുള്ള വിടപറയൽ അത്ര പെട്ടെ ന്നൊന്നും അടയ്ക്കാൻ കഴിയാത്ത ഒരു വിടവാണു മാനവസമൂഹത്തിനു മുന്നിൽ സൃഷ്ടിച്ചിരിക്കുന്നത്.
89 വയസ്സുണ്ടായിരുന്ന ഖൊറാന വാർധക്യസഹജമായ ആരോഗ്യ പ്രശ്നങ്ങളെ തുടർന്നു നവംബർ ഒൻപതാം തീയതി മസാച്യൂസെറ്റ്സിലെ കോൺകോഡിലാണ് അന്തരിച്ചത്.
ജനിതക കോഡിനെ ഉൾക്കൊള്ളുന്ന ന്യൂക്ലിക് ആസിഡിലെ ന്യൂക്ലിയോ റൈഡ്സ്, കോശങ്ങളുടെ പ്രോട്ടീൻ ഉത്പാദനത്തെ എങ്ങനെ സ്വാധീനി ക്കുന്നു എന്ന കണ്ടെത്തൽ ഖൊറാ നയ്ക്കു നോബൽ സമ്മാനം നേടിക്കൊ ടുത്തു, 1968ൽ. അതേവർഷം തന്നെ കൊളംബിയ സർവകലാശാലയുടെ ലൂസ ഗ്രോസ് ഹോർവിറ്റ്സ് പുരസ്കാര ത്തിനും അദ്ദേഹം അർഹനായി. അമേ രിക്ക ദേശീയ ശാസ്ത്ര പുരസ്കാരം നല്കിയും ഈ പ്രതിഭയെ ആദരിക്കുക യുണ്ടായി. ഇന്ത്യയിലെ റായ്പൂരിലാണു ഖൊറാന ജനിച്ചത്. വില്ലേജിലെ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥനായി രുന്നു പിതാവ്. ലാഹോറിലെ (ഇപ്പോൾ പാക്കിസ്താനിൽ) പഞ്ചാബ് സർവകലാ ശാലയിൽ നിന്നും 1943ൽ ഖൊറാന ബിരുദവും 1945ൽ ബിരുദാനന്തര ബിരു ദവും നേടി. തുടർന്ന് ഉന്നത പഠനത്തി നായി ലിവർപൂൾ സർവകലാശാലയി ലേക്കു പോയി. 1948ൽ അവിടെനിന്നും പിഎച്ച്.ഡി കരസ്ഥമാക്കിയ അദ്ദേഹം സൂറിച്ചിൽ തന്റെ പോസ്റ്റ് ഡോക്ടറൽ പഠനം തുടർന്നു. അതിനുശേഷം രണ്ടു വർഷം കേംബ്രിഡ്ജ് സർവകലാശാല യിലും 1952 മുതൽ 70 വരെയുള്ള കാലം അദ്ദേഹം ബ്രിട്ടീഷ് കൊളംബിയ സർവകലാശാലയിലും വിസ്കോസിൻ-



മാഡിസൺ സർവകലാശാലയിലും പ്രവർത്തിച്ചു. 1970ൽ മസാച്യൂസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ജീവശാസ്ത്രം,
രസതന്ത്രം പ്രൊഫസറായി. 2007ൽ വിരമിക്കുംവരെ ആ പദവിയിൽ തുടർന്നു. 1952ൽ ഖൊറാന, എസ്തർ എലിസബത്ത് ഡിസ്‌ലറെ വിവാഹം കഴിച്ചു. ഇവർക്കു മൂന്നു കുട്ടികൾ. ജൂലിയ എലിസബത്ത് , എമിലി അന്നി, ദാവോ റോയ്. ഇതിൽ എമിലി അന്നി മരിച്ചുപോയി.

ഖൊറാനയുടെ ഗവേഷണപ്രവർത്ത നങ്ങളുടെ അദ്ഭുതാവഹമായ നേട്ട മെന്ന നിലയിൽ 1970ൽ ആദ്യത്തെ കൃത്രിമ ജീൻ സൃഷ്ടിച്ചു. ഉന്നതവിദ്യാ ഭ്യാസരംഗത്തും ഗവേഷണ, വികസന മേഖലകളിലും മികവു പുലർത്തുന്ന വർക്കും പ്രതിഭാധനരായ തുടക്ക ക്കാർക്കും അവസരമൊരുക്കുന്നതി നായി വിസ്കോസിൻ-
മാഡിസൺ സർവകലാശാലയും ഇന്ത്യാ ഗവൺമെണ്ടും ഇന്തോ-
യു.എസ് സയൻസ് ആന്റ് ടെക്നോ ളജി ഫോറവും സംയുക്തമായി 2007ൽ രൂപം കൊടുത്തതാണു ഖൊറാന പ്രോഗ്രാം.

ശാസ്ത്രരംഗത്തെ മുന്നേറ്റങ്ങൾക്കു തുടർച്ച ഉണ്ടാകണമെന്നും അതിനായി പുതുതലമുറയുടെ കൈപിടിച്ചു നടത്തി അവരെ പ്രാപ്തരാക്കണമന്നും ആഗ്രഹിച്ച്, അതിനായി ജീവിത ത്തിന്റെ അവസാന നിമിഷംവരെ സമ യവും തന്റെ അറിവും വിനിയോഗിച്ച മികച്ച അധ്യാപകൻ കൂടിയായ ഹർഗോവിന്ദ് ഖൊറാനയ്ക്കുള്ള ഏറ്റവും ഉത്തമമായ ഒരു സ്മാരക മായി 'ഖൊറാന പ്രോഗ്രാം' ഇപ്പോൾ മാറിയിരിക്കുന്നു.

ശാസ്ത്രഗവേഷണങ്ങൾ ഇന്ത്യയി ലായിരുന്നില്ലെങ്കിലും നമുക്കെല്ലാം അദ്ദേഹം ഇന്ത്യക്കാരൻ തന്നെയായിരു ന്നു. ആ മഹാപ്രതിഭയുടെ സ്മര ണയ്ക്കു മുന്നിൽ നമുക്കു കൈകൂ പ്പാം. *

# ജനകീയ മുന്നേറ്റത്തിന്റെ ലിബിയൻ പാഠങ്ങൾ

സിജോ കെ. മാനുവൽ

ഏകാധിപത്യത്തിന്റെ തോക്കിൻമുനയിൽ നാലുപതിറ്റാണ്ടിലേറെ ലിബിയയെ അടക്കി ഭരിച്ച മുഅമ്മർ ഗദ്ദാഫി ഒടുവിൽ അനിവാര്യമായ വിധിക്കു കീഴടങ്ങി. ജനകീയ പോരാട്ടത്തെ തോക്കിൻ കുഴലിലൂടെ അടിച്ചമർത്താൻ ശ്രമിച്ച അദ്ദേഹം വിമതസേനയുടെ വെടിയേറ്റാണു മരിച്ചത്. ലിബിയയിൽ ഗദ്ദാഫിയുടെ അധഃപതനത്തോടെ പുത്തൻ പ്രതീക്ഷകൾക്കു ചിറകു മുളച്ചിരിക്കുകയാണ്. ജനാധിപത്യമൂല്യങ്ങൾക്കും അടിസ്ഥാന അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും പ്രാമുഖ്യം നല്കുന്ന ഒരു ഭരണക്രമത്തെയാണു ലിബിയയിൽ ജനങ്ങൾ പ്രതീക്ഷിക്കുന്നത്. കാരണം, ഏകാധിപത്യഭരണത്തിന്റെ തിക്തഫലങ്ങൾ ഏറെ അനുഭവിച്ചവരാണു ലിബിയൻ ജനത. അറബ് മേഖലയിൽ മാറ്റത്തിനായുള്ള മുറവിളി വർഷങ്ങൾക്കു മുമ്പേ ആരംഭിച്ചതിന്റെ തുടർച്ചയാണു സ്വേച്ഛാധിപതിയായ ഗദ്ദാഫിയുടെ അന്ത്യം.



*സൈനലാബ്ദീൻ ബെൻ അലി*

## അറബ് വസന്തം

വർഷങ്ങളായി ഏകാധിപത്യത്തിന്റെയും അടിച്ചമർത്തലിന്റെയും തടവറയിലായിരുന്ന അറബ് രാജ്യങ്ങളിൽ ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള



*മുഅമ്മർ ഗദ്ദാഫി*

ആഗ്രഹവും അതിനായി രൂപപ്പെട്ട ജനമുന്നേറ്റവും ലോകശ്രദ്ധ ആകർഷിച്ചിരുന്നു. ഈ ജനകീയ മുന്നേറ്റത്തെ മാധ്യമങ്ങൾ 'അറബ് വസന്തം' (Arab Spring) എന്നാണു വിശേഷിപ്പിച്ചത്. ജനാധിപത്യ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഏകാധിപത്യഭരണം അവസാനിപ്പിക്കുന്നതിനും മനുഷ്യാവകാശങ്ങൾ ഉറപ്പാക്കുന്നതിനുമായി അറബ് മേഖലയിൽ ആദ്യമായി ഒരു ജനകീയ മുന്നേറ്റമുണ്ടാകുന്നതു ടുണിഷ്യയിലാണ്. പിന്നീട് ഈ ജനകീയ മുന്നേറ്റം ഈജിപ്ത്, ലിബിയ, സിറിയ, യെമൻ എന്നീ രാജ്യങ്ങളിലേക്കു വ്യാപിച്ചു. ഈ ജനകീയ മുന്നേറ്റം ടുണിഷ്യയിലും ഈജിപ്തിലും ലിബിയയിലും വിജയം കണ്ടുകഴിഞ്ഞു.

ടുണിഷ്യ 23 വർഷം ഭരിച്ച മുൻ പ്രസിഡണ്ട് സൈനലാബ്ദീൻ ബെൻ അലിക്കെതിരെ ഉയർന്ന ജനകീയ മുന്നേറ്റമാണ് ആദ്യം വിജയം കണ്ടത്. ഈജിപ്തിന്റെ പ്രസിഡണ്ടായിരുന്ന ഹുസ്നി മുബാറക്കിന്റെ ദുർഭരണത്തിന് അറുതി വരുത്തിയാണ് ഈജിപ്തിലെ ജനങ്ങൾ ജനാധിപത്യഅവകാശങ്ങൾ പുനഃസ്ഥാപിച്ചത്. ഏകാധിപതിയും സ്വേച്ഛാധിപതിയുമായിരുന്ന മുഅമ്മർ ഗദ്ദാഫിയെ വിമതസേന വധിച്ചതോടെ ലിബിയയിൽ ജനാധിപത്യ അവകാശങ്ങൾക്കും പൗരാവകാശങ്ങൾക്കും പുത്തൻ പ്രതീക്ഷകൾ ഉണ്ടായിരിക്കുകയാണ്. ഇറാൻ, ബഹ്റൈൻ, അൽജീറിയ, സിറിയാ, മൊറോക്കോ, ജോർദാൻ തുടങ്ങിയ രാജ്യങ്ങളിലും മാറ്റത്തിന്റെ മുറവിളികൾ ശക്തമായിട്ടുണ്ട്. അതിനാൽ വസന്തം അകലെയല്ലെന്ന പ്രതീക്ഷയിലാണു ജനകോടികൾ.

## ചരിത്രത്തിലേക്ക് ഗദ്ദാഫി

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ വടക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന ലിബിയ എന്ന കൊച്ചുരാജ്യത്തിന്റെ ചരിത്രം ആധുനിക ലോകത്തിനു ഗദ്ദാഫിയുടെ ഭരണകാലഘട്ട ചരിത്രമാണ്. 42 വർഷത്തോളമാണു ഗദ്ദാഫി ലിബിയയെ അടക്കി ഭരിച്ചത്. കോളനി ഭരണത്തിലായിരുന്ന ലിബിയ 1951 ലാണു സ്വതന്ത്രമാകുന്നത്.



*ഹുസ്നി മുബാറക്ക്*

ഇദ്‌രീസ് രാജാവായിരുന്നു അന്നു ലിബിയയുടെ ഭരണാധികാരി. സ്വാതന്ത്ര്യം നേടുന്ന സമയത്തു സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും വളരെ ദയനീയ അവസ്ഥയിലായിരുന്നു ലിബിയ. എന്നാൽ, 1963ൽ എണ്ണനിക്ഷേപം കണ്ടെത്തിയതോടെ ലിബിയയുടെ ചരിത്രം മാറ്റാ

ന്നായി. ക്രമേണ ലിബിയയുടെ രാജാവു ഭരണം വിസ്മരിക്കുകയും സുഖലോലുപതയിലേക്കു വഴുതിവീഴുകയും ചെയ്തു.




ലിബിയയിലെ ആദിവാസികളായ ബെർബറ ഗോത്രസമൂഹത്തിലെ ബദവി കുടുംബത്തിൽ 1942ലാണു ഗദ്ദാഫി ജനിക്കുന്നത്. ലിബിയയിലെ ദരിദ്ര വിദ്യാർത്ഥികൾക്ക് ഉന്നത പഠനവും കുലീനത്വവും നേടുന്നതിനുള്ള എളുപ്പമാർഗമായിരുന്നു പട്ടാളസേവനം. അങ്ങനെ 19-ാം വയസ്സിൽ ഗദ്ദാഫി പട്ടാളത്തിൽ ചേർന്നു. 1967ലെ അറബ്-ഇസ്രയേൽ യുദ്ധം ഗദ്ദാഫിയുടെ മനസ്സിൽ ഒരിക്കലും മായാത്ത മുറിവാണു സൃഷ്ടിച്ചത്. ഇസ്രയേലിന്റെ വ്യോമാക്രമണത്തിൽ തകർന്ന സിറിയയെയും ജോർദാനെയും സഹായിക്കുവാൻ ലിബിയയ്ക്കു കഴിഞ്ഞില്ല. പട്ടാളത്തിനുള്ളിൽ തന്നെ വിപ്ലവത്തിനായി രഹസ്യസംഘത്തെ വളർത്തിയ കേണൽ ഗദ്ദാഫി ഇരുപത്തിയേഴാം വയസ്സിൽ രക്തരഹിത വിപ്ലവത്തിലൂടെ ഇദ്‌രീസ് രാജാവ് നിയമിച്ച പ്രധാനമന്ത്രി സയിദ് ഹസൽ അൽറിദ് അൽ മഹ്ദിനെ വീട്ടുതടങ്കലിലാക്കി അധികാരം പിടിച്ചെടുത്തു.

1969ൽ ഗദ്ദാഫി അധികാരത്തിലെത്തിയപ്പോൾ, 1951ൽ രൂപീകരിച്ച ലിബിയയുടെ ഭരണഘടന റദ്ദുചെയ്യുകയും തന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന നിയമങ്ങൾ രൂപീകരിക്കുകയും ചെയ്തു. 1977-ൽ 'ജനങ്ങളുടെ രാഷ്ട്രം' (ജമാഹിരിയ) രൂപീകരിക്കുകയും 2011 വരെ അതിന്റെ തലവനായി ഗദ്ദാഫി ലിബിയയെ ഭരിക്കുകയും ചെയ്തു.

എണ്ണ വ്യാപാരത്തിലൂടെ രാഷ്ട്രത്തിനു ധാരാളം വരുമാനം ലഭിക്കുകയും അതു



ഇദ്‌രീസ് രാജാവ്

ലിബിയയിൽ സർവ്വമേഖലകളിലും മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു. പല വികസനക്ഷേമ പരിപാടികളും ലിബിയയിൽ നടപ്പാക്കപ്പെട്ടു. എണ്ണക്കമ്പനികൾ ദേശസാത്ക്കരിച്ചു. അമേരിക്കയുടെ വ്യോമതാവളം അടച്ചുപൂട്ടി. മുതലാളിത്തവും കമ്യൂണിസവും ഇറക്കുമതിചെയ്ത പ്രത്യയശാസ്ത്രങ്ങളാണെന്നു ഗദ്ദാഫി പ്രഖ്യാപിച്ചു. 1969ൽ ഭരണത്തിനു 'റവലൂഷനറി കമാൻഡ് കൗൺസിൽ' രൂപീകരിച്ചു. പത്തുവർഷത്തോളം ഗദ്ദാഫി അതിന്റെ ചെയർമാൻ സ്ഥാനം വഹിക്കുകയും ചെയ്തു. അങ്ങനെ ഗദ്ദാഫി എളുപ്പം ജനപ്രിയനായി. സാമ്രാജ്യത്വത്തിനെതിരെ പോരാടിയതിനു പുതിയ കാലഘട്ടത്തിലെ 'ചെഗുവേര' എന്ന പ്രതിച്ഛായയും വിശേഷണവും ഗദ്ദാഫി സ്വയം എടുത്തണിഞ്ഞു.

രാജാവിനെ പുറത്താക്കി അധികാരത്തിലെത്തിയ ഗദ്ദാഫി പിന്നീടു രാജാക്കന്മാരെ തോല്പിക്കുംവിധം അധികാരവും ആഡംബരവും ആസ്വദിച്ചു. സ്ഥാനപ്പേരുകൾ പലതും ഒഴിവാക്കി ഓമനപ്പേരുകൾ പലതും സ്വീകരിച്ചെങ്കിലും സൈന്യത്തിന്റെ കടിഞ്ഞാൺ വിട്ടുകൊടുത്തില്ല. സോഷ്യലിസത്തെ മറയാക്കിയുള്ള ഏകാധിപത്യമായിരുന്നു ലിബിയയിൽ ഗദ്ദാഫിയുടെ ഭരണകാലത്ത് ഉണ്ടായിരുന്നത്. ഗദ്ദാഫിയുടെ മക്കൾ എണ്ണപ്പണത്തിന്റെ സമൃദ്ധിയിൽ വിദേശ രാജ്യങ്ങളിൽ ആഡംബരജീവിതം നയിച്ചു. ലിബിയയിലെ ഭരണത്തിന്റെ മർമസ്ഥാനങ്ങളിലെല്ലാം മക്കളും സ്വന്തക്കാരും നുഴഞ്ഞുകയറി. ദേശീയ വരുമാനത്തിന്റെ സിംഹഭാഗവും ഗദ്ദാഫിയുടെ കുടുംബത്തിലും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന കുലീനവ്യക്തികളിലും കേന്ദ്രീകരിക്കപ്പെട്ടു. ഗദ്ദാഫിയുടെ കുടുംബാംഗങ്ങളും അനുയായികളും സുഖസമൃദ്ധ ആഡംബരജീവിതം നയിച്ചപ്പോൾ രാഷ്ട്രത്തിന്റെ പലഭാഗങ്ങളിലും ജനങ്ങൾ കൊടിയ ദാരിദ്ര്യമാണ് അനുഭവിക്കേണ്ടിവന്നത്. ലിബിയയുടെ സാമ്പത്തികരംഗം ഗദ്ദാഫിയിലും കുടുംബത്തിലും കേന്ദ്രീകരിക്കുകയും ലിബിയൻ ജനതയുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക അവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തപ്പോൾ കാലഘട്ടം ആവശ്യപ്പെടുന്ന മാറ്റം അനിവാര്യമായിത്തീർന്നു.

## വിമതഗ്രൂപ്പുകൾ ശക്തിപ്പെടുന്നു

തുടക്കത്തിൽ തന്റെ ഭരണത്തെയും പ്രവർത്തനങ്ങളെയും എതിർക്കുന്നവരെ കൊന്നൊടുക്കുകയെന്ന നയമാണു ഗദ്ദാഫി സ്വീകരിച്ചത്. പക്ഷേ, പ്രതിഷേധം ശക്തിപ്പെട്ടതോടെ ഗദ്ദാഫിക്കു തലസ്ഥാനമായ ട്രിപ്പോളിയിൽനിന്നു പലായനം ചെയ്യേണ്ടിവന്നു. ഗദ്ദാഫി സ്ഥാനഭ്രഷ്ടനായ ശേഷവും രാജ്യത്തിന്റെ പല ഭാഗങ്ങളിലും അദ്ദേഹത്തിന്റെ അനുകൂലികളും വിമത സേനകളും തമ്മിൽ ശക്തമായ പോരാട്ടം



മുസ്തഫ അബ്ദുൾ ജലീൽ

നടക്കുകയും ചെയ്തു. ട്രിപ്പോളിയിലെ വിമതസേനകളിൽ നിന്നു രക്ഷപ്പെട്ടു രണ്ടുമാസത്തിനു ശേഷം സ്വന്തം ജന്മസ്ഥലമായ സിർത്തിൽ വച്ചായിരുന്നു ഗദ്ദാഫിയുടെ അന്ത്യം.

വിമതരുടെ കൂട്ടായ്മയായ 'ദേശീയ പരിവർത്തന സമിതി,' ഗദ്ദാഫിക്ക് എതിരായ പോരാട്ടത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ കിഴക്കൻ ലിബിയയിലെ ബെൻഗാസിൽ രൂപംകൊണ്ടതാണ്. രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ നഗരമായ ബെൻഗാ

സി ഉൾപ്പെടുന്ന എണ്ണ വ്യവസായ മേഖലയാണ് ആദ്യം ഗദ്ദാഫിയുടെ പിടിയിൽ നിന്നു മോചനം നേടുന്നത്. ആ പ്രദേശത്തുകാരാണു പരിവർത്തന സമിതിയുടെ തലപ്പത്തുള്ളത്. ദേശീയ പരിവർത്തന സമിതിയിലെ ഭൂരിപക്ഷം അംഗങ്ങളും ഈ പ്രദേശത്തുള്ളവരാണ്. ഗദ്ദാഫിയുടെ കീഴിൽ ജഡ്ജിയും നീതിന്യായ മന്ത്രിയുമായിരുന്ന മുസ്തഫ അബ്ദുൽ ജലീലാണു ദേശീയ പരിവർത്തന സമിതിയുടെ തലവൻ. സിർത്ത്, ബനിവാലിദ്, സിൻതാൻ, മിസ്രാത്ത തുടങ്ങിയ പല നഗരങ്ങളിലും നൂറുകണക്കിന് ആളുകൾ ഗദ്ദാഫി സേനയുമായി ഏറ്റുമുട്ടി മരിക്കുകയുണ്ടായി. ലിബിയയിലെ ജനങ്ങൾ സ്വന്തം ജീവൻ ബലിയായി നല്കിയാണു ഗദ്ദാഫിയെന്ന ഏകാധിപതിയുടെ സമഗ്രാധിപത്യഭരണത്തിന് അറുതിവരുത്തിയത്.



*അബ്ദുൽ റഹിം അൽ കീബി*

ഗദ്ദാഫിയുടെ 42 വർഷം നീണ്ടുനിന്ന ഭരണത്തിൽ, ഭരണ സംവിധാനങ്ങളെല്ലാം താറുമാറായതിനാൽ എങ്ങനെ പുതിയ ഭരണം രൂപപ്പെടുത്താമെന്ന ആലോചനയിലാണു വിമതർ. മാത്രമല്ല, വിവിധ പ്രദേശങ്ങളെയും അസംഖ്യം ഗോത്രങ്ങളെയും താത്പര്യങ്ങളെയും പ്രതിനിധീകരിക്കുന്ന അവർ തമ്മിൽ പല കാര്യങ്ങളിലും ഐക്യമില്ലെന്ന വാർത്തകൾ വ്യാപിക്കുന്നുണ്ട്. ലിബിയക്ക് ഒരു ഭരണഘടന തയ്യാറാക്കിയശേഷം ജനാധിപത്യരീതിയിലുള്ള തെരഞ്ഞെടുപ്പിലൂടെ ഒരു ഭരണകൂടം രൂപീകരിക്കുമെന്നാണു വിമത നേതാക്കൾ പ്രഖ്യാപിച്ചിരിക്കുന്നത്. ദേശീയ പരിവർത്തന സമിതി അബ്ദുൽ റഹിം അൽ കീബിനെ ഇടക്കാല പ്രധാനമന്ത്രിയായി തെരഞ്ഞെടുത്തു കഴിഞ്ഞു.

## ഏകാധിപതിയുടെ പതനം

ലോകത്തിനു മുമ്പിൽ മുഅമ്മർ ഗദ്ദാഫി ഒരു മനോഹരചിത്രമാണ്. ഏറ്റവും വിലകൂടിയ സൺഗ്ലാസ്സും ഏറ്റവും നിറപ്പകിട്ടാർന്ന പട്ടാളവേഷവും തലയിൽ കൗബോയ് തൊപ്പിയും അണിഞ്ഞുനില്ക്കുന്ന ഒരു വ്യക്തി. ഒട്ടകപ്പാൽ കുടിച്ചാണു ഗദ്ദാഫിയുടെ ദിവസം തുടങ്ങുന്നത്. തനിക്കുചുറ്റും സുരക്ഷയ്ക്കായി 'ആമസോൺ ഗാർഡ്സ്' എന്ന പെൺപടയെയാണു ഗദ്ദാഫി നിയോഗിച്ചിരുന്നത്. സ്ത്രീകൾക്കു നേരെ നിറയൊഴിക്കാൻ അറബ്ലോകത്തെ സൈനികർക്കു കൈവിറയ്ക്കുമെന്ന ന്യായമായിരുന്നു ഗദ്ദാഫിയെ ഇതിനു പ്രേരിപ്പിച്ചത്. ന്യൂക്ലിയർ ബോംബുകൾ ഉൾക്കൊള്ളുന്ന വിപുലമായ ആയുധശേഖരമായിരുന്നു ഗദ്ദാഫിക്കു സ്വന്തമായി ഉണ്ടായിരുന്നത്. ലിബിയയുടെ സമ്പദ് വ്യവസ്ഥയുടെ പകുതിയിലധികവും ഗദ്ദാഫിക്കും കുടുംബത്തിനും സ്വന്തമായിരുന്നു. ഇരുപതിനായിരം കോടി ഡോളറിന്റെ നിക്ഷേപം ഗദ്ദാഫിക്ക് ഉണ്ടായിരുന്നുവെന്ന് റിപ്പോർട്ടുകൾ പറയുന്നു.



*മുഅമ്മർ ഗദ്ദാഫിയുടെ മരണവാർത്തയറിഞ്ഞ ലിബിയൻ ജനതയുടെ ആഹ്ലാദം.*

ആഡംബരത്തിന്റെ ദന്തഗോപുരത്തിൽനിന്ന് മലിനജലകുഴിയിലേക്ക് - അതായിരുന്നു മുഅമ്മർ ഗദ്ദാഫിയുടെ പതനം. 42 വർഷത്തോളം രാജകൊട്ടാരത്തിലിരുന്നു ലിബിയൻ ജനതയെ ഭരിച്ച ഗദ്ദാഫിക്ക് അവസാന കാലഘട്ടങ്ങളിൽ അഭയം നല്കിയതു മലിനജലം ഒഴുക്കിക്കളയുന്നതിനായി നിർമിച്ച കൂറ്റൻ കോൺക്രീറ്റ് പൈപ്പുകളാണ്. ഗദ്ദാഫി അവസാനകാലഘട്ടം കഴിച്ചുകൂട്ടിയതു ജന്മസ്ഥലമായ സിർത്തിലാണ്. സിർത്തിനു പടിഞ്ഞാറു റൗണ്ട് എബൗട്ടിന് സമീപമുള്ള മലിനജലക്കുഴലുകളിലൊന്നാണു ഗദ്ദാഫി ഒളിത്താവളമാക്കിയത്. ഇവിടെനിന്നും വിമതസൈന്യം ഗദ്ദാഫിയെ വലിച്ചിറക്കുമ്പോൾ അദ്ദേഹം നിലവിളിച്ചതാകട്ടെ, "വെടിവെക്കരുതേ, കൊല്ലരുതേ" എന്നായിരുന്നു. ഒരുകാലത്തു സൈന്യത്തോടും ഉദ്യോഗസ്ഥരോടും അധികാരത്തോടെ ആജ്ഞാപിച്ചിരുന്ന ഒരു ഏകാധിപതിയുടെ ദാരുണമായ അവസാനം! വിതമസേനയുടെ വെടിയേറ്റു മരിച്ച ഗദ്ദാഫിയുടെ മൃതദേഹം സൂക്ഷിച്ചതു ചന്തയോടു ചേർന്നു മാംസോത്പന്നങ്ങളും മറ്റും സൂക്ഷിച്ചിരുന്ന കോൾഡ് സ്റ്റോറേജ് പ്ലാന്റിലാണ്. ഗദ്ദാഫിയെന്ന ഏകാധിപതിയുടെ ചരിത്രം ഇവിടെ പൂർണമാകുന്നു.



*പ്രസിഡണ്ട് സൈനലാബ്ദീൻ ബെൻ അലി അധികാരം വിട്ടൊഴിഞ്ഞതിൽ ആഹ്ലാദം പ്രകടിപ്പിക്കുന്ന ടുണീഷ്യൻ ജനത.*

സ്വന്തം ജനതയെ മറന്നു സ്വേച്ഛാധിപത്യ സമഗ്രാധിപത്യ മാർഗത്തിൽ ചരിക്കുന്ന ഏതു ഭരണധികാരിയുടെയും സ്ഥാനം ചരിത്രത്തിൽ ചവറ്റുകുട്ടയിലായിരിക്കുമെന്നു മുഅമ്മർ ഗദ്ദാഫിയുടെ ജീവിതം ലോകത്തെ വീണ്ടും ഓർമപ്പെടുത്തുന്നു. ചരിത്രത്തിലുണ്ടായിട്ടുള്ള ഏകാധിപതികളുടെ വിധി തന്നെയാണു ഗദ്ദാഫിക്കും സംഭവിച്ചത്. ജനഹിതം മാനിക്കാതെ സ്വേച്ഛാധിപത്യ ഭരണം നടത്തുന്ന ഭരണാധികാരികളുടെ അധഃപതനം ഒരിക്കൽകൂടി ഗദ്ദാഫിയിലൂടെ ലോകത്തിനു മുന്നിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

*

*(പാലാ സെന്റ് തോമസ് കോളജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകനാണു ലേഖകൻ)*

# കാലാതീതം, ഈ ഗന്ധർവസംഗീതം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

*1961 നവംബർ പതിനാലിനു ചെന്നൈ ഭരണി സ്റ്റുഡിയോയിൽ ആ ചെറുപ്പക്കാരന്റെ മനോഹരമായ ഗാനം മുഴങ്ങിയപ്പോൾ, കേട്ടുനില്ക്കാൻ ഏതാനുമാളുകൾ മാത്രം. നിസ്സംഗരും സംശയാലുക്കളും അസൂയാലുക്കളുമടങ്ങിയ ചെറിയ കൂട്ടം. പാടിച്ചവർക്കുപോലും അത്ര വിശ്വാസമില്ല. കേട്ടവർക്കാകട്ടെ അതൊട്ടുമില്ല. ഇയാളെ എന്തിനു പാടിച്ചുവെന്നായി മറ്റു ചിലർ! ആ ചെറുപ്പക്കാരൻ മറ്റാരുമായിരുന്നില്ല, സാക്ഷാൽ യേശുദാസ്. കാൽപാടുകൾ എന്ന ചിത്രത്തിനായി എം.ജി. ശ്രീനിവാസന്റെ ഈണത്തിൽ പാടിയ "ജാതിഭേദം മതദ്വേഷം" എന്ന നാലുവരിയിലൂടെയാണ് ഒരു പുതിയ ഗാനഗന്ധർവന്റെ രംഗപ്രവേശം. ഈ ഗന്ധർവനാദം മലയാളി കേട്ടുതുടങ്ങിയിട്ട് അഞ്ചു ദശകങ്ങളായി. തെറ്റി, മലയാളികൾ മാത്രമല്ല ദക്ഷിണേന്ത്യ മുഴുവൻ. ഹിന്ദിയിലൂടെ ഈ ഗന്ധർവ സംഗീതം ഭാരതത്തിന്റെ ഏതാണ്ടു മുഴുവൻ സംഗീത പ്രേമികളുടെയും കരളിൽ കുളിർമഴ പെയ്തിറങ്ങിയിട്ടുണ്ട്. അഞ്ചു പതിറ്റാണ്ടിനിപ്പുറവും ആ ശബ്ദത്തിനു പകരം വയ്ക്കാൻ മറ്റൊന്നില്ലെന്നുള്ള വസ്തുത സംഗീതപ്രേമികൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതാണ് യേശുദാസിന്റെ പ്രസക്തിയും. തന്റെ നിലക്കാത്ത സംഗീത മഴ ചാറിത്തുടങ്ങിയതിന്റെ അമ്പതാം വർഷം ആഘോഷിക്കുന്ന 2011 നവംബർ 14ന് യേശുദാസ് സ്റ്റുഡിയോ മുറിയിലായിരുന്നു.*



തിരുവനന്തപുരം തൈക്കാട്ടുള്ള എസ്.എസ്.സ്റ്റുഡിയോയിലാണു തന്റെ ഏറ്റവും പുതിയ ഗാനത്തിനു ജീവൻ പകരാൻ യേശുദാസെത്തിയത്. ഇവിടെ സംഗീത സംവിധായകൻ എം. ജയചന്ദ്രന്റെ ഈണത്തിൽ 'മല്ലൂ സിംഗ്' എന്ന ചിത്രത്തിനു വേണ്ടിയാണ് അദ്ദേഹം പാടിയത്.

തുടക്കം ശ്രീനാരായണ ഗുരുവിന്റെ വരികളിലൂടെയാണെങ്കിൽ അമ്പതാം വാർഷികത്തിലെ വരികൾ മുരുകൻ കാട്ടാക്കടയുടെയും. "നീ പാടാതെ പാടുന്ന പാട്ടിൽ ഈ ചോളങ്ങൾ ചാഞ്ചാടും ചന്തം" എന്ന വരികൾക്ക് യേശുദാസ് ജീവൻ പകർന്നപ്പോൾ അതൊരു ചരിത്രസംഭവമായി മാറി. പക്ഷേ, ഇക്കുറി സ്റ്റുഡിയോയ്ക്കകത്തും പുറത്തും ആരാധകരുടെ പെരുമഴക്കാലം. അമ്പതാം വാർഷിക ദിനത്തിൽ ദേവരാജന്റെ പേരിലുള്ള സംഗീത പുരസ്കാരവും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. എല്ലാ

അർത്ഥത്തിലും സഫലമായ ജീവിതം. മലയാളികൾ എത്രയോ കാലമായി ഉണരുന്നതും ഉറങ്ങുന്നതും യേശുദാസിന്റെ ഗാനനിർഝരി വാരിക്കുടിച്ചുംകൊണ്ടാണ്. പുണ്യതീർത്ഥം പോലെ മലയാളികൾ ദാസ് ഗാനങ്ങൾ, തങ്ങളുടെ ആത്മാവിലേക്കാണ് ഇറ്റിച്ചു വീഴ്ത്തിക്കൊണ്ടിരിക്കുന്നത്. 'കൽപാന്തകാലത്തോളം കാതരേ നീയെൻ മുന്നിൽ' എന്ന ഗാനം ആലപിച്ച യേശുദാസ്, കൽപാന്തകാലത്തോളം മലയാളിയുടെ മനസ്സിൽ തേൻ മഴയായി ജ്വലിച്ചു നില്ക്കുമെന്നതിലും സംശയമില്ല.


ലേഖകൻ യേശുദാസിനൊപ്പം

കഴിവുറ്റ, കറയറ്റ, കരടറ്റ ആലാപന ശൈലിയാണ് യേശുദാസിന്റേത്. കണ്ണീരും കിനാവും കാമവും ക്രോധവും ഭക്തിയും യുക്തിയും ഒരേ മട്ടിൽ ആവാഹിക്കാനാവുന്ന സ്വരം. കണ്ണുകളിൽ കൗതുകവും കണ്ഠത്തിൽ വസന്തകാകളിയും നിറച്ചു നിത്യസുന്ദര നിർവൃതികരങ്ങളായ എണ്ണമറ്റ ഈണത്തിൽ പാടുമ്പോൾ തലകുലുക്കി താളം പിടിച്ചു കൂടെപ്പാടുവാൻ ലക്ഷോപലക്ഷം സംഗീത പ്രേമികൾ ഉണ്ടെന്നുള്ളതാണ് ഈ ഗായകന്റെ സമ്പാദ്യം. ആലാപനത്തോടൊപ്പം മേമ്പൊടിയായി അഭിനയവും ഈ കലാകാരന്റെ മുഖമുദ്രയായിരുന്നു.

കടന്നുചെല്ലുന്നിടത്തെല്ലാം ആരാധകരുടെ ആരവമുണർത്താൻ എഴുപതാം വയസ്സിലും ഇദ്ദേഹത്തിനു കഴിയുന്നുണ്ടെന്നുള്ളത് അപൂർവ സുകൃതം. യേശുദാസിനു മുമ്പും പിമ്പും ഒട്ടേറെ ഗായകർ മലയാളക്കരയിൽ പൊട്ടിമുളച്ചിട്ടുണ്ട്. പക്ഷേ, തുടക്കം മുതൽ ഒന്നാമനായി തുടരാൻ യേശുദാസിനല്ലാതെ മറ്റാർക്കും കഴിഞ്ഞിട്ടില്ല.

ഭൂമിയിലേക്കു ദൈവം അയച്ചു തന്ന സംഗീത വരദാനം. അനന്തതയുടെ അപാരതയിൽ നിന്നും ഒഴുകി വരുന്ന ഈ സുവർണ സംഗീതവർഷം, കാലാതീതമാണ്. നീലവസന്തംപോലെ മലയാളത്തിൽ വിരിഞ്ഞു വിലസുന്ന ഗാനധാര, മറുനാടുകളിലേക്കും പകർന്നു കൊണ്ടിരുന്നു. ഇപ്പോഴിതാ ആഴികൾക്കപ്പുറത്തുള്ള പടിഞ്ഞാറൻ നാടുകളിലേക്കും ഈ സംഗീത വിസ്മയം ഒരു ലഹരിയായി പെയ്തിറങ്ങി തുകിലുണർത്തുന്നു.

ശാസ്ത്രീയ സംഗീതത്തെ ജനകീയമോ ജനപ്രിയമോ ആക്കി മാറ്റിയ ഗായകനെന്ന നിലയിലും യേശുദാസ് ചരിത്രത്താളുകളിൽ സ്ഥാനം പിടിക്കും. അക്ഷരശുദ്ധിയുടെ മൂർച്ചയുള്ള വക്താവാണ്. വാക്കിന്റെ അർത്ഥവും വ്യത്യാസവും

**കഴിവുറ്റ, കറയറ്റ, കരടറ്റ ആലാപന ശൈലിയാണ് യേശുദാസിന്റേത്. കണ്ണീരും കിനാവും കാമവും ക്രോധവും ഭക്തിയും യുക്തിയും ഒരേ മട്ടിൽ ആവാഹിക്കാനാവുന്ന സ്വരം കണ്ണുകളിൽ കൗതുകവും കണ്ഠത്തിൽ വസന്തകാകളിയും നിറച്ചു നിത്യസുന്ദര നിർവൃതികരങ്ങളായ എണ്ണമറ്റ ഈണത്തിൽ പാടുമ്പോൾ തല കുലുക്കി താളം പിടിച്ചു കൂടെപ്പാടുവാൻ ലക്ഷോപലക്ഷം സംഗീത പ്രേമികൾ ഉണ്ടെന്നുള്ളതാണ് ഈ ഗായകന്റെ സമ്പാദ്യം.**


യേശുദാസും കുടുംബവും

കണ്ടറിഞ്ഞു പാടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. സംസ്കൃത ശ്ലോകങ്ങൾ പോലും ആത്മാവറിഞ്ഞു പാടുവാൻ ഇദ്ദേഹത്തിനാകുന്നുണ്ട്. ഈ സ്വരരാഗ ചൈതന്യം മലയാളികളുടെ ഭാഗ്യമാണ്, നേട്ടമാണ്.

കടന്നുപോയ വഴികളെ മറക്കാത്തവനാണ് യേശുദാസ്. വിനയത്തിന്റെയും ലാളിത്യത്തിന്റെയും പര്യായം. എല്ലാം ഈശ്വരനിൽ അർപ്പിച്ചു മുന്നോട്ടു പോകുന്ന സംഗീത വൈഭവം. ദാർശനികതയുടെ മുഖമുദ്ര. ആരെയും അംഗീകരിക്കാൻ മടിക്കുന്ന മലയാളികൾക്കു പോലും യേശുദാസ് പ്രിയനാണ്. പ്രിയമാനസനാണ്. ആരാധനാ പാത്രമാണ്. അതിനാൽതന്നെ, യേശുദാസ് ഒരു കൾട്ടായി മാറിയിരിക്കുന്നു.

വ്യക്തിപരമായി പറഞ്ഞാൽ, ഏതാണ്ടു മുപ്പത്തൊമ്പതു വർഷത്തെ പരിചയമെനിക്കുണ്ട്. ഞാൻ പത്രപ്രവർത്തനം തുടങ്ങിയതിന്റെ രണ്ടാം വർഷം ശബരിമല സന്നിധാനത്തിൽ വച്ചായിരുന്നു ആദ്യമായി പരിചയപ്പെടുന്നത്. ഒരു പകലും ഒരു രാത്രിയും ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. മകരവിളക്കു റിപ്പോർട്ട് ചെയ്യാനായി പത്രപ്രവർത്തക സംഘത്തോടൊപ്പമാണു ഞാനവിടെ എത്തിയത്. അദ്ദേഹം സ്വാമി ദർശനത്തിനും. ഇന്നത്തെപ്പോലെ തിരക്കുണ്ടായിരുന്നില്ല. ഒന്നിച്ചായിരുന്നു അയ്യപ്പ ദർശനം നടത്തിയിരുന്നത്. ഒന്നിച്ചു കുശലം പറഞ്ഞു സമയം നീക്കി. ഒരേ കെട്ടിടത്തിൽ ഉണ്ടുറങ്ങി.

അടുത്ത രണ്ടു മൂന്നു മകരവിളക്കുത്സവങ്ങളും ഇതേ രീതിയിൽ സന്ദർശന സൗഹൃദ സമ്മേളനങ്ങളായി മാറി. അതുവഴിയുള്ള അടുപ്പം അല്പം സുദൃഢമായിരുന്നു. പിന്നെ വർഷങ്ങൾക്കുശേഷമാണു വീണ്ടും അടുത്തത്. ആദ്യകാല സിനിമാ ഗാനരചയിതാവും മൊഴിമാറ്റ വിദഗ്ധനും സാഹിത്യകാരനുമൊക്കെയായിരുന്ന അഭയദേവിന്റെ പേരിലുള്ള അവാർഡ് യേശുദാസിനാണു സമ്മാനിച്ചത്.

അഭയദേവ് ഫൗണ്ടേഷന്റെ ജനറൽ സെക്രട്ടറിയെന്ന നിലയിൽ ഞാനായിരുന്നു സംഘാടകൻ. സുകുമാർ അഴീക്കോടു പ്രസിഡണ്ടും.

പത്തുവർഷം മുമ്പാണ് അവാർഡു സമ്മാനിച്ചത്. അന്നാകട്ടെ യേശുദാസ് കത്തിനില്ക്കുന്ന സമയവും. അതിനാൽ, പരിപാടി സംഘടിപ്പിക്കാനും മറ്റുമായി അമ്പതു തവണയെങ്കിലും വിളിച്ചുകാണും. മദ്രാസിലും അമേരിക്കയിലുമായിരുന്നു താമസം. വിളിച്ചു കിട്ടിയില്ലെങ്കിൽ തീർച്ചയായും തിരിച്ചു വിളിച്ചിരിക്കും. അതെന്നെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. ഇതേ അവാർഡ് രണ്ടാം വർഷം നല്കിയതു സംഗീതസംവിധായകൻ ദക്ഷിണാമൂർത്തിക്കായിരുന്നു. സമ്മാനിച്ചതാകട്ടെ യേശുദാസും.



*ദേവരാജൻ മാസ്റ്റർ, വയലാർ രാമവർമ എന്നിവർക്കൊപ്പം യേശുദാസ്*

പിന്നെയും പല ചടങ്ങുകളിലും ഒന്നിച്ചു പങ്കെടുക്കുമായിരുന്നു. അങ്ങനെയിരിക്കെ നാലഞ്ചുവർഷം മുമ്പ്, എന്റെ വീട്ടിലെ ഫോണിൽ ബെല്ലടിച്ചു. മകൻ പ്രശാന്താണു ഫോണെടുത്തത്.

"പ്രൊഫസർ ഉണ്ടോ?"

ആരാണെന്നായി മോൻ

"ഞാൻ യേശുദാസാണ്."

സിനിമാ ഭാഷയിൽ പറഞ്ഞാൽ ആരാണ്ട് അവനെ ആക്കിയതാണെന്നാണു മോൻ കരുതിയത്.

പാടുന്ന യേശുദാസാണോ പാടാത്ത യേശുദാസാണോ? അവനും വിട്ടില്ല.

പാടുന്ന യേശുദാസു തന്നെ.

അവൻ അതു പൂർണമായി വിശ്വസിച്ചില്ലെങ്കിലും ഫോൺ എനിക്കു കൈമാറി. ''മോനാ.... അല്ലേ..... അയാൾക്കു വിശ്വാസമായിട്ടില്ല.... ഞാനാണെന്ന്''. യേശുദാസ് യാതൊരു പരിഭവവും കൂടാതെ പറഞ്ഞു. അവനെ കുറ്റം പറയാനാവില്ല. അവനെങ്ങനെ വിശ്വസിക്കും!

വെറുതെ വിളിച്ചതായിരുന്നു. ആ ദിവസങ്ങളിലുണ്ടായ ചില രാഷ്ട്രീയ സംഘർഷങ്ങളെപ്പറ്റിയും സംഘട്ടനങ്ങളെപ്പറ്റിയും ഉള്ളുതുറക്കാനായിരുന്നു ആ വിളി. മനുഷ്യരുടെ മൂല്യത്തകർച്ചയിൽ, ഇടുങ്ങിയ ചിന്താഗതിയിൽ തേങ്ങുന്ന യേശുദാസിന്റെ വാക്കുകൾ.

താളനിബദ്ധമായ ആ ശബ്ദം സത്യത്തിൽ അപ്പോൾ പതറുകയായിരുന്നു. തേങ്ങുന്ന സ്വരം.

ഞാനിന്നു കോട്ടയത്തിനു തിരിക്കുകയാണ്. നേരത്തെ എത്തിയാൽ തമ്മിൽ കാണാം. മൂവാറ്റുപുഴയ്ക്കുള്ള യാത്രയിലാണ്. അദ്ദേഹം കൂട്ടിച്ചേർത്തു.

മനുഷ്യരുടെ ധാർമികത്തകർച്ചയെപ്പറ്റി മനുഷ്യപ്പറ്റില്ലായ്മയെപ്പറ്റി കുറെക്കൂടി സംസാരിക്കണമെന്ന് അദ്ദേഹത്തിനു തോന്നിയിരിക്കണം. ഞാൻ വീട്ടിൽ കാത്തിരുന്നു. പക്ഷേ, കോട്ടയത്തെത്തിയപ്പോഴേക്കും വളരെ താമസിച്ചതിനാൽ യാത്ര തുടരുകയാണെന്നദ്ദേഹം വിളിച്ചു പറഞ്ഞു.

ഒരു വർഷത്തിലേറെയായി ഗാനഗന്ധർവനെ കണ്ടിട്ട്. സിനിമാ നിരൂപകനായിരുന്ന മണ്ണാറക്കയം ബേബിക്ക് 'അക്ഷരസൂര്യ' അവാർഡ് തിരുവനന്തപുരത്തു സമ്മാനിച്ച ചടങ്ങിൽ ഞാനായിരുന്നു അധ്യക്ഷൻ. സമ്മാനദാനം നിർവഹിച്ചത് യേശുദാസും.

എന്തിനു നേരിട്ടു കാണണം? ആ ഗാനത്തേനരുവി സദാ എന്നോടൊപ്പം ഒഴുകിയെത്തുന്നുണ്ടല്ലോ? അതെന്റെ സ്വകാര്യ അഭിമാനം. ഈ അഭിമാനം തന്നെയാണ് ഓരോ മലയാളിക്കും. ഇനിയും ഈ സംഗീതപ്പുഴ, ഓളംതല്ലി ആരാധകരുടെ കാതോരങ്ങളിൽ അമൃതബിന്ദുക്കൾ ചൊരിഞ്ഞു കൊണ്ടു, നില്ക്കാതെ ഒഴുകിക്കൊണ്ടിരിക്കുക തന്നെ ചെയ്യും.

*

# ഇടിയും മഴയും മിന്നലും

കേരളത്തിൽ ഇപ്പോൾ തുലാവർഷക്കാലമാണല്ലൊ കനത്ത മഴയോടൊപ്പം. ഇടിമിന്നലും തുലാവർഷത്തിന്റെ സ്വഭാവമാണ്. അടുത്ത കാലത്തായി ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ വർധിച്ചു വരുന്നതായിട്ടാണു കാണുന്നത്. ഇടിമിന്നലേറ്റു മനുഷ്യനും പക്ഷിമൃഗാദികൾക്കും ജീവഹാനിസംഭവിക്കുന്നതു കൂടാതെ വൃക്ഷങ്ങളും കെട്ടിടങ്ങളും വീട്ടുപകരണങ്ങളുമെല്ലാം നശിച്ചുപോകാറുമുണ്ട്.

വലിയ കെട്ടിടങ്ങളിലും നിർമിതികളിലും ഇടിമിന്നൽ രക്ഷാചാലകങ്ങൾ ഘടിപ്പിക്കാറുണ്ടെങ്കിലും



സാധാരണ വീടുകളിലും മറ്റും ഇതു ചെയ്യാറില്ല. എന്താണ് ഇടിമിന്നൽ? ഇതെങ്ങനെ ഉണ്ടാകുന്നു?

ഉഷ്ണകാലത്തു തറനിരപ്പിലെ വായു നന്നായി ചൂടു തട്ടി വികസിക്കുമ്പോൾ കുത്തനെ മേലോട്ടുള്ള വായുസഞ്ചാരം ഗണ്യമാകുന്നു. വായുവിൽ ധാരാളം നീരാവി അടങ്ങിയിട്ടുണ്ടെങ്കിൽ വായു വികസിച്ചു വളരെ ഉയരങ്ങളിലേക്ക് എത്തുകയും ഇടിമേഘങ്ങൾ (nimbus) രൂപംകൊള്ളുകയും ചെയ്യുന്നു.

ഇത്തരം മേഘങ്ങൾക്കകത്തു നീരാവി ഘനീഭവിക്കുമ്പോൾ പുറത്തേക്കു വിടുന്ന ലീനതാപം (latent heat) മേഘം 16–18 കി.മീറ്ററിലധികം ഉയരുവാനും വളർന്നു വലുതാകുവാനും ഇടയാക്കുന്നു. ഇത്തരം മേഘങ്ങൾക്കകത്തു താഴേക്കും മുകളിലേക്കും ഉഗ്രമായ വായുപ്രവാഹങ്ങൾ ഉണ്ടാകുന്നു. മുകൾഭാഗം കാറ്റിന്റെ ദിശയ്ക്കനുസരിച്ചുപരന്ന് അടകല്ലി (anvil)ന്റെ രൂപത്തിൽ കാണാം. ഇത്തരം മേഘങ്ങളുടെ വളർച്ചയ്ക്കു സാധാരണയായി 3 ഘട്ടങ്ങളുണ്ട്.

ആദ്യഘട്ടത്തിൽ മേഘത്തിനുള്ളിലെ വായു മുകളിലേക്കു സഞ്ചരിച്ചുകൊണ്ടിരിക്കുകയും നീരാവി ഘനീഭവിച്ചു മഴത്തുള്ളികൾ രൂപപ്പെടുകയും ചെയ്യുന്നു (cumulus stage). ഇത് 6 മുതൽ 8കി.മീ. വരെ ഉയരത്തിൽ എത്തിയിരിക്കും. രണ്ടാം ഘട്ടത്തിൽ (mature stage) മേഘത്തിനകത്തു മുകളിലേക്കും താഴേക്കും വായുപ്രവാഹം ഉണ്ടാവുകയും വായുപ്രവാഹം താഴോട്ടുള്ള ഭാഗങ്ങളിൽ കൂടി മഴത്തുള്ളികൾ താഴേക്കു വീഴുകയും ചെയ്യുന്നു.

അടുത്ത ഘട്ടത്തിൽ മേഘം 14–16 കി.മീ. ഉയരുന്നു. മുകൾഭാഗം വളരെ താണ താപനിലയിലുള്ള മഴത്തുള്ളികളായും ഹിമപരലുകളായും (ice crystals)



കാണപ്പെടുന്നു.

മേഘത്തിനുള്ളിലെ വൈദ്യുത ചാർജുകൾ ശേഖരിക്കപ്പെടുകയും വിപരീത ചാർജുകൾ പരസ്പരം വേർതിരിഞ്ഞ് ഉന്നത വോൾട്ടേജ് രൂപംകൊള്ളുകയും ചെയ്യുന്നു.

ഇത് ഇടിമിന്നലിനു കാരണമാകുന്നു. പലപ്പോഴും ഹിമപ്പരലുകൾ വളർന്ന് ആലിപ്പഴവൃഷ്ടിയും ഉണ്ടാകുന്നു. മഴയുടെ ശക്തി വർധിക്കുന്നതോടൊപ്പം ശക്തിയായി തണുത്ത കാറ്റു മേഘത്തിനുള്ളിൽ നിന്നു താഴേക്കും വശങ്ങളിലേക്കും വീശുന്നു. മൂന്നാംഘട്ടത്തിൽ മുകൾ ഭാഗത്തായി തൂവൽ മേഘങ്ങൾ നാരുനാരായി 16–18 കി.മീ. ഉയരങ്ങളിൽ കാണാം. മേഘത്തിനുള്ളിൽ മേലോട്ടുള്ള വായു പ്രവാഹം പാടേ നിലയ്ക്കുകയും പേമാരി വർധിക്കുകയും ചെയ്യുന്നു.



പലപ്പോഴും പ്രത്യേകം പ്രത്യേകം വായുസംഘാതങ്ങൾ (സെല്ലുകൾ) ഒന്നിച്ചുചേർന്നാണ് ഇടിമേഘങ്ങൾ രൂപംകൊള്ളുന്നത്. ഓരോ സെല്ലും ശരാശരി 20 മിനിറ്റുകൊണ്ടു മൂന്നു ഘട്ടത്തിലൂടെയും വളർന്നു കഴിയുന്നു. ഒരു ശരാശരി ഇടിമേഘത്തിന് 10 ച.കി.മീ ആണു വിസ്താരം. ശരാശരി 45,000 ഇടിമേഘങ്ങൾ ദിനംപ്രതി അന്തരീക്ഷത്തിൽ ഉണ്ടാകുന്നു എന്നാണു കണക്ക്.

# പോളിട്രിക്സ്

**വിജയൻ**


അറിഞ്ഞോ.. ഗോവിന്ദച്ചാമിക്ക് വധശിക്ഷ... കക്ഷിക്ക് പലഭാഷകൾ അറിയാം..
എങ്കിൽ ഇതിലേ വരാൻ പറയൂ.. ഏതെങ്കിലും ഭാഷയിൽ ശുംഭന് വേറെ അർത്ഥമുണ്ടോ ന്ന് ചോദിക്കാമായിരുന്നു..
ഭൂമി ശാസ്ത്രം
ചരിത്രം
മണ്ടശിരോമണി കഥകൾ
ഭാഷ നിഘണ്ടു സംസ്കൃതം
ജയരാജൻ ജയിലിൽ ചരിത്രം വായന

വേൾഡ്‌വിഷൻ

എൻ. ഗോപീകൃഷ്ണൻ

# ജനാധിപത്യത്തിന്റെ പിള്ള

നികുതിവെട്ടിപ്പും നിയമവിരുദ്ധമായി പണം വിദേശത്തേക്കൊഴുക്കുന്നതും വികസ്വര രാഷ്ട്രങ്ങളുടെ ഗുരുതരമായ പ്രശ്നമാണെന്നു പ്രധാനമന്ത്രി മൻമോഹൻ സിംഗ് കാനിൽ നടന്ന ജി-20 ഉച്ചകോടിയിൽ പറഞ്ഞു. എന്നാൽ, വികസ്വര രാഷ്ട്രങ്ങളുടെ മാത്രം പ്രശ്നമല്ല ഇതെന്നു തെളിയിക്കുകയാണു ഗ്രീസ്. നികുതിവെട്ടിപ്പും, നികുതിപിരിവിലെ കെടുകാര്യസ്ഥതയും അഴിമതിയും സ്വിസ്ബാങ്ക് നിക്ഷേപങ്ങളുമൊക്കെയാണു ഗ്രീസിനെ പാപ്പരാക്കിയത്. വർധിച്ച തോതിലുള്ള ക്ഷേമപ്രവർത്തനങ്ങളും സാമ്പത്തികത്തകർച്ചയ്ക്ക് ആക്കം കൂട്ടി. പൗരന്മാർക്കു നല്കുന്ന ചികിത്സാ സൗജന്യങ്ങൾ തന്നെ ഭീമമായ ബാധ്യത ഗവൺമെണ്ടിനുണ്ടാക്കിവയ്ക്കുന്നുണ്ട്. എന്നാൽ, കാര്യക്ഷമമായ ചികിത്സ ലഭിക്കണമെങ്കിൽ ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും കൈക്കൂലി കൊടുക്കേണ്ടി വരുന്നു എന്നതാണു ഗ്രീസിലെ അവസ്ഥ. വിവിധ പെൻഷൻ പദ്ധതികളും തൊഴിലില്ലായ്മ വേതനവുമൊക്കെ സമ്പദ്വ്യവസ്ഥയെ വല്ലാതെ തളർത്തിയിരിക്കുകയാണ്. ആകെക്കൂടി എല്ലാം കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലാണ് ഗ്രീസ്. കാര്യക്ഷമമായ ഒരു ഭരണസംവിധാനത്തിനു മാത്രമേ രാജ്യത്തെ രക്ഷിക്കാനാകൂ.



*ഗ്രീസ് പാർലമെണ്ട് മന്ദിരം*

ജനാധിപത്യത്തിന്റെ പിള്ളത്തൊട്ടിലെന്ന ചരിത്രത്തിൽ ഇടം നേടിയ ഗ്രീസ് ഇന്നു സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുകയാണ്. അതിൽ നിന്നു കരകയറാനുള്ള തീവ്രശ്രമത്തിലാണ് അവിടത്തെ ഭരണകൂടം. ജോർജ് പാപൻഡ്രോ, ഗ്രീസിന്റെ പ്രധാനമന്ത്രിസ്ഥാനം ഒഴിഞ്ഞു. പകരം ലൂക്കോസ് പാപദെമോസിന്റെ നേതൃത്വത്തിൽ ഒരു കൂട്ടുകക്ഷി ഗവൺമെണ്ട് അധികാരമേറ്റു. ഭാരിച്ച സാമ്പത്തിക ബാധ്യതയിൽ നിന്നും രാജ്യത്തെ മോചിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനൊപ്പം ഒരു പൊതുതെരഞ്ഞെടുപ്പിനുള്ള സാഹചര്യം ഒരുക്കുകയാണു കൂട്ടുകക്ഷി ഗവൺമെണ്ടിന്റെ അടിയന്തിര കർത്തവ്യം.



ഗ്രീസ് കടക്കെണിയിൽ കുരുങ്ങി ശ്വാസം മുട്ടാൻ തുടങ്ങിയിട്ടു കാലം കുറെയായി. 2008 മുതൽ സാമ്പത്തിക പ്രതിസന്ധി ഗുരുതരമായി. വാങ്ങിയ കടത്തിന്റെ തവണകളടയ്ക്കാൻ, വീണ്ടും കടം വാങ്ങേണ്ട അവസ്ഥയിലായി രാജ്യം. യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ മുൻ വൈസ് ചെയർമാനായിരുന്ന പുതിയ പ്രധാനമന്ത്രിക്കു ജനപ്രിയമല്ലാത്ത നിരവധി തീരുമാനങ്ങൾ എടുക്കേണ്ടി വരുമെന്നതു തീർച്ച.

യൂറോപ്യൻ യൂണിയനിലെ അംഗമായ ഗ്രീസ് ഒരു വികസിത രാഷ്ട്രമായിട്ടാണു കരുതപ്പെടുന്നത്. മൊത്ത ദേശീയ വരുമാനത്തിന്റെ കണക്കെടുത്താൽ ഗ്രീസിനു ലോകത്തു മുപ്പത്തിരണ്ടാം സ്ഥാനമുണ്ട്. ആളോഹരി വരുമാനത്തിൽ 33-ാം സ്ഥാനവും. ദേശീയ വരുമാനത്തിന്റെ 78.8 ശതമാനവും സേവന മേഖലയിൽ നിന്നാണ്. വ്യവസായത്തിൽ നിന്നും 17.9 ശതമാനവും കൃഷിയിൽ നിന്നു 3.3 ശതമാനവും വരുമാനം ലഭിക്കുന്നു. ഉന്നതവരുമാനക്കാരായ രാജ്യങ്ങളുടെ പട്ടികയിലാണു ഗ്രീസിന്റെ സ്ഥാനം.

# ത്തൊട്ടിലിൽ സാമ്പത്തികപ്രതിസന്ധി

ദേശീയ വരുമാനത്തിന്റെയും ആളോഹരി വരുമാനത്തിന്റെയും കണക്കിൽ മറ്റു യൂറോപ്യൻ രാജ്യങ്ങൾക്കു തൊട്ടു പിന്നിലുണ്ടായിരുന്ന ഗ്രീസ് പക്ഷേ, പണ്ടുമുതല്ക്കേ സാമ്പത്തിക പ്രതിസന്ധികളിൽ കുടുങ്ങിയിരുന്നു. 1826, 1843, 1860, 1893 എന്നീ വർഷങ്ങളിൽ കടം തിരിച്ചടവിൽ വീഴ്ച വരുത്തേണ്ടി വന്നിട്ടുണ്ട്, ഈ രാജ്യത്തിന്. എന്നാൽ, രണ്ടാം ലോകമഹായുദ്ധാനന്തരം പ്രതിശീർഷ വരുമാനത്തിൽ ഇറ്റലി, ഇസ്രയേൽ പോലുള്ള രാജ്യങ്ങളെ പിന്തള്ളിക്കൊണ്ടു മുന്നേറുകയും ചെയ്തു. 2005ൽ 'ദി ഇക്കണോമിസ്റ്റ്' നടത്തിയ സർവേയിൽ ജീവിത നിലവാരത്തിൽ ലോകത്ത് 22-ാം സ്ഥാനമായിരുന്നു ഗ്രീസിന്. 1990 വരെ യൂറോപ്യൻ യൂണിയന്റെതിനെക്കാൾ കൂടുതലായിരുന്നു ഗ്രീസിന്റെ ദേശീയ വരുമാന വളർച്ചാ നിരക്ക്.



*ജോർജ് പാപൻന്ദ്രോ*

പതിനഞ്ചു വർഷത്തോളം തുടർച്ചയായി സാമ്പത്തിക മുന്നേറ്റം നടത്തിയ ഗ്രീസ് 2009ൽ സാമ്പത്തികമാന്ദ്യത്തിലകപ്പെട്ടു. മൊത്ത ദേശീയ വരുമാനത്തിന്റെ 16 ശതമാനത്തോളമായിരുന്നു ആ വർഷത്തെ രാജ്യത്തിന്റെ ബജറ്റ് കമ്മി. ജിഡിപിയുടെ 127 ശതമാനത്തോളമായിരുന്നു കടബാധ്യത. പലിശച്ചെലവു താങ്ങാൻ പോലും രാജ്യത്തിനു ശേഷിയില്ലാതായി. ബജറ്റ് കമ്മിയുടെ കണക്കുകൾ പോലും പൂഴ്ത്തിവയ്ക്കേണ്ട അവസ്ഥയിലായി, ഗവൺമെണ്ട്. ആഭ്യന്തര വിപണിയിലാകട്ടെ നിക്ഷേപത്തെക്കാൾ കൂടുതൽ വായ്പകൾ കൊടുത്തുകൊണ്ടേയിരുന്നു ഇക്കാലമത്രയും.



ഗ്രീക്ക് സമ്പദ്‌വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമേറിയതാണ്. സാമ്പത്തിക പ്രതിസന്ധി തൊഴിലില്ലായ്മയ്ക്കും ഉത്പാദന മാന്ദ്യത്തിനും കാരണമായി. ഫാക്ടറികൾ പ്രവർത്തിക്കാത്തതുമൂലം ഉത്പാദനം 8 ശതമാനം കുറഞ്ഞെന്നാണു കണക്ക്. സമ്പദ്ഘടനയ്ക്കു ശക്തമായ താങ്ങു നല്കിയിരുന്ന വസ്ത്ര നിർമാണ മേഖലയാണ് ഏറ്റവുമധികം തകർന്നത്. നിർമാണ മേഖലയിൽ ഒരു വർഷത്തിനുള്ളിൽ എഴുപത്തിമൂന്നു ശതമാനം കുറവുണ്ടായി. 2008 മുതൽ പെരുകിവന്ന തൊഴിലില്ലായ്മ ഇപ്പോൾ മുപ്പത്താറു ശതമാനമായിരിക്കുന്നു.

ഉയർന്ന നികുതിനിരക്കുകളാണു ഗ്രീസിൽ നിലവിലിരിക്കുന്നത്. ഒരു ലക്ഷം യൂറോയിൽ കൂടുതലുള്ള വരുമാനത്തിനു നാല്പ്പത്തഞ്ചു ശതമാനം നികുതി നല്കണം. പത്രമാസികളും സേവനമേഖലകളുമൊക്കെ 6.5 മുതൽ 13 ശതമാനം വരെ വാറ്റു (മൂല്യവർധിത നികുതി) കൊടുക്കേണ്ടതുണ്ട്. തൊഴിൽദാതാക്കളും ജോലിക്കാരും സാമൂഹ്യസുരക്ഷാപദ്ധതിക്കായി വരുമാനത്തിന്റെ 19.5 ശതമാനം വരെ നികുതി നല്കണം. ഈ അവസ്ഥയിൽ നികുതി വെട്ടിപ്പു വളരെ കൂടുതലാണ്. 20 ബില്യൺ യൂറോ നികുതി വെട്ടിപ്പിലൂടെ ഗ്രീസിൽ നിന്നും സ്വിസ് ബാങ്കുകളിലെത്തിച്ചിട്ടുണ്ടെന്നാണു കണക്കാക്കുന്നത്.



*ലൂക്കോസ് പാപദെമോസ്*

ആഗോള മത്സരശേഷിയിലും ചലനാത്മകതയിലും ഗ്രീക്ക് സമ്പദ്‌വ്യവസ്ഥ പാടെ പിന്നിലായിരിക്കുന്നു. അഴിമതിയുടെ കാര്യത്തിൽ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളുടെ മുൻപന്തിയിലാണ് ഈ രാജ്യം. അഴിമതിയോടൊപ്പം നികുതി വെട്ടിപ്പ്, നികുതി പിരിവിലെ അനാസ്ഥ, കഴിവുകെട്ട ഉദ്യോഗവർഗം എന്നിവയെല്ലാം ചേർന്നപ്പോൾ കാര്യങ്ങൾ തകിടം മറിഞ്ഞു. ഇപ്പോഴത്തെ പ്രശ്നങ്ങളുടെ ആണിക്കല്ല് ഇതാണ്. കടബാധ്യത ഒഴിവാക്കുന്നതിനുള്ള പ്രധാന പ്രതിബന്ധവും ഇതു തന്നെ.

കാനിൽ നടന്ന ജി 20 രാഷ്ട്രങ്ങളുടെ ഉച്ചകോടിയിൽ ഗ്രീസിനെ രക്ഷിക്കാനുള്ള വൻ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. യൂറോപ്യൻ സാമ്പത്തിക രക്ഷാനിധിക്കു വേണ്ടത്ര ധനശേഷി ഇല്ലാത്തതിനാൽ ഐ.എം.എഫിനെ ഇക്കാര്യത്തിൽ ബന്ധപ്പെടുത്താനാണു നീക്കം. 17800 കോടി ഡോളറിന്റ സാമ്പത്തിക രക്ഷാ പദ്ധതിയാണു ഗ്രീസിനായി ആവിഷ്ക്കരിച്ചിരിക്കുന്നത്. പക്ഷേ, ചെലവു ചുരുക്കൽ, വരുമാനം വർധിപ്പിക്കൽ എന്നീ ലക്ഷ്യത്തോടെയുള്ള സാമ്പത്തിക പരിഷ്ക്കരണ നടപടികൾ വേണമെന്ന യൂറോപ്യൻ യൂണിയന്റെയും രാജ്യാന്തര ഏജൻസികളുടെയും കടുംപിടുത്തം അംഗീകരിച്ചെങ്കിൽ മാത്രമേ പദ്ധതി നടപ്പാകൂ. ഇതിനുള്ള രാഷ്ട്രീയ പിന്തുണ പുതിയ പ്രധാനമന്ത്രി ലൂക്കാസ് പാപദെമോസിനു ലഭിക്കുമെന്നു പ്രത്യാശിക്കാം.

*

കെ.എം. തോമസ്

# ഇതാണു നിയമത്തിന്റെ വഴി ജയരാജന്റെയും



ഏതു കാരണത്താലായാലും ഒരു പൊതുപ്രവർത്തകൻ ജയിലിൽ അടയ്ക്കപ്പെടുന്നതു സന്തോഷകരമായ ഒരു കാര്യമല്ല. അങ്ങനെ സംഭവിച്ചു പോയാൽ ആ വ്യക്തി ജയിൽമോചിതനാകുന്നത് ആശ്വാസജനകമാണ്, സന്തോഷകരമാണ്.

സിപിഎം നേതാവ് എം.വി.ജയരാജന്റെ ജയിൽ ബന്ധനവും ജയിൽ മോചനവും ഇത്തരമൊരനുഭവമാണു നമുക്കു സമ്മാനിച്ചത്. കോടതിയലക്ഷ്യക്കുറ്റത്തിന് അദ്ദേഹം ശിക്ഷിക്കപ്പെട്ടു; ജാമ്യം ലഭിക്കാതെ ജയിലിലാവുകയും ചെയ്തു. തുടർന്നദ്ദേഹം സുപ്രീംകോടതിയിൽ അപ്പീൽ പോയി. സുപ്രീംകോടതി, ഹൈക്കോടതിവിധിയെ വിമർശിച്ചുകൊണ്ട് അദ്ദേഹത്തിനു ജാമ്യം അനുവദിക്കുകയും ചെയ്തു.

ഇതെല്ലാം നിയമത്തിന്റെ വഴികളിലൂടെയാണു നടന്നത്. ജയരാജന്റെ കണ്ണൂർ പ്രസംഗം നിയമവിരുദ്ധമായിരുന്നു. തുടർന്നുണ്ടായതെല്ലാം നിയമപരമാണ്. കേസ് ഇതുകൊണ്ടവസാനിക്കുന്നില്ല. അതു നിയമപരമായി തുടർന്നു നടക്കും.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖവാക്യം "നമ്മൾ നമുക്കുവേണ്ടി നിർമിച്ചു നമുക്കു സമർപ്പിക്കുന്നത്" എന്നാണ്. നമ്മളുണ്ടാക്കിയ നിയമം നമ്മുടെ സുസ്ഥിതിക്കുവേണ്ടിയാണ്. നമ്മളെല്ലാം ആ നിയമത്തിന്റെ കണ്ണികളിൽ സംഘടിതരാണ്; സുരക്ഷിതരാണ്. അങ്ങനെയെങ്കിൽ, നിയമം ലംഘിക്കുന്നതു നമ്മൾ നമ്മളെത്തന്നെ ലംഘിക്കുന്നതിനു തുല്യമല്ലേ? നിയമം അനുസരിക്കുന്നതു നമ്മൾ ഓരോരുത്തരുടെയും, ഓരോ ഇന്ത്യൻ പൗരന്റെയും ബാധ്യതയല്ലേ?

അല്ലെന്നാരും പറയില്ല. പറഞ്ഞാൽ അതു നിയമം അംഗീകരിക്കുകയുമില്ല. അങ്ങനെ പറയുന്നവർ നിയമലംഘകരാകും. പാതയോരങ്ങളിലെ പൊതുയോഗം ഹൈക്കോടതി നിരോധിച്ചതു ഭരണഘടനാവ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരുന്നു. അതിനെ ജയരാജൻ വിമർശിച്ചതാകട്ടെ, ഭരണഘടനാതത്വങ്ങൾക്കു വിരുദ്ധമായിപ്പോയി.

നിയമം ജയരാജനെ കുറ്റക്കാരനെന്നു കണ്ടു. അദ്ദേഹത്തിന്റെ നടപടിയെപ്പറ്റി അന്വേഷണമുണ്ടായി. കുറ്റപത്രം തയ്യാറായി. അതു ജയരാജനെ അറിയിച്ചു. അദ്ദേഹം നിഷേധിച്ചു. താനൊരു കുറ്റവും ചെയ്തിട്ടില്ലെന്നു വാദിച്ചു. പക്ഷേ, സാഹചര്യത്തെളിവുകളെല്ലാം അദ്ദേഹത്തിനെതിരായിരുന്നു.

എല്ലാം നീങ്ങിയതു നിയമവഴിക്കാണ്. ഇനി നീങ്ങാനിരിക്കുന്നതും നിയമവഴിക്കുതന്നെ. ഹൈക്കോടതി ജയരാജനു നല്കിയ ശിക്ഷ കുറ്റത്തിനനുസരിച്ചായിരുന്നോ, അതിൽ കൂടുതലായിരുന്നോ, അതു വേണമായിരുന്നോ എന്നതൊക്കെ ഇനി സുപ്രീംകോടതിയിൽ നടക്കുന്ന നിയമവിദഗ്ധരുടെ വാദങ്ങൾക്കും പ്രതിവാദങ്ങൾക്കും ഒടുവിൽ ജഡ്ജിമാർ തീരുമാനിക്കും. അതു ചിലപ്പോൾ ജയരാജന് അനുകൂലമാകാം, പ്രതികൂലമാകാം.

അതു മാറ്റിയെഴുതിക്കാൻ ഹൈക്കോടതിക്കു മുമ്പിൽ അല്ലെങ്കിൽ സുപ്രീംകോടതിക്കു മുമ്പിൽ പ്രകടനം നടത്തിയാൽ സാധിക്കില്ല. ഇപ്പോൾ ജാമ്യം കിട്ടിയതും പ്രകടനം നടത്തിയിട്ടില്ല. എല്ലാം നിയമപ്രകാരം നീങ്ങും.

ഇതാണു നിയമത്തിന്റെ വഴി. ജയരാജന്റെയും വഴി ഇതായിരുന്നേ മതിയാവൂ. ആ വഴിയിൽ നിന്നു മാറിനടക്കാൻ നമുക്ക് അനുവാദമില്ല. സുപ്രീം കോടതി ഹൈക്കോടതിയെ വിമർശിച്ചകാര്യം വെണ്ടയ്ക്കായിൽ നിരത്തുകയും, അതേ കോടതി, സിപിഎമ്മിന്റെ ഹൈക്കോടതി മാർച്ചിനെ അപലപിച്ചകാര്യം ഒളിച്ചുവയ്ക്കുകയും ചെയ്തതുകൊണ്ടും യാതൊരു പ്രയോജനവുമില്ല.

*

# നാനൂറു പച്ചക്കറിസ്റ്റാളുകൾ നല്ല നിർദേശം



സംസ്ഥാനത്തെ പച്ചക്കറിവില നിയന്ത്രണാതീതമായി തീരുന്നതു തടഞ്ഞു സാധാരണജനങ്ങൾക്ക് ആശ്വാസം പകരാൻ 400 പച്ചക്കറി വില്പന കേന്ദ്രങ്ങൾ സഹകരണ വകുപ്പിനു കീഴിൽ ആരംഭിക്കാനുള്ള സർക്കാർ തീരുമാനം തീർച്ചയായും നല്ലതുതന്നെ.

അത്യാവശ്യ സാധനങ്ങളുടെ വില നിയന്ത്രിച്ചു നിർത്താൻ സർക്കാർ നടത്തേണ്ട കമ്പോള ഇടപെടലിന്റെ ഭാഗമാണ് ഈ തീരുമാനം. ഇതു നടപ്പിലാക്കുമ്പോൾ ഗവൺമെണ്ട് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

ഓണം, ക്രിസ്മസ്, റംസാൻ നാളുകളിൽ നമ്മുടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പല നഗരങ്ങളിലും ഉത്സവകാല വില്പന കേന്ദ്രങ്ങൾ നടത്താറുണ്ട്. അതിന്റെ ഫലമായി പല സാധനങ്ങളുടെയും അമിതമായ വിലകയറ്റം തടയാൻ കഴിഞ്ഞിട്ടുമുണ്ട്. പക്ഷേ, കുറേനാൾ കഴിയുമ്പോൾ നമ്മൾ അറിയുന്ന മറ്റൊരു വാർത്തയുണ്ട്. ഇത്തരം വില്പനസംരംഭങ്ങളുടെ ഫലമായി വകുപ്പിനു നൂറുകണക്കിനു കോടികളുടെ നഷ്ടം ഉണ്ടായിരിക്കുന്നു!

വിലനിയന്ത്രണത്തിനുവേണ്ടി നല്ലൊരു തുക ഗവൺമെണ്ട് സബ്സിഡിയായി അനുവദിച്ചു നല്കേണ്ടതുണ്ട്. എന്നിരിക്കിലും അതുകൊണ്ടു മാത്രമാണോ നഷ്ടമുണ്ടാവുക? ഓപ്പൺ മാർക്കറ്റിൽ നിന്നു നിരക്കുവിലയ്ക്കു സാധനങ്ങൾ വാങ്ങി സർക്കാർ സ്റ്റോറുകളിൽ വിലകുറച്ചു നല്കുമ്പോൾ വിലനിയന്ത്രണം തത്വത്തിൽ പ്രായോഗികമാകുന്നുണ്ടോ എന്നുകൂടി ചിന്തിക്കേണ്ടതല്ലേ? വ്യാപാരികൾക്ക് ഉയർന്നവില ലഭിക്കുമ്പോൾ അവരുടെ ലാഭം കുറയുകയോ അവശ്യസാധനവില ഫലത്തിൽ കുറയുകയോ ചെയ്യുന്നുണ്ടോ?

ദീർഘവീക്ഷണത്തോടുകൂടി ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യുകയാണു വേണ്ടത്. ഉത്സവസീസൺ എല്ലാവർഷവും ഉള്ളതാണ്. അതു പെട്ടെന്നു സംഭവിക്കുന്ന ആപത്തൊന്നുമല്ല. ആവശ്യം വർധിക്കുമ്പോൾ വില ഉയരുക സ്വാഭാവികം. ഇക്കാര്യം മുൻകൂട്ടികണ്ട് ഉപഭോഗ വസ്തുക്കളുടെ ഉത്പാദനമേഖലകളിൽ നേരിട്ടെത്തി ഉത്സവകാലത്തേക്കു സാധനങ്ങൾക്കു യഥാസമയം ഓർഡർ നല്കുകയും അതു സംഭരിച്ചു സൂക്ഷിക്കാൻ സംവിധാനമുണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

സർക്കാർ നേരിട്ടു മാർക്കറ്റിൽ ഇടപെട്ടുകഴിയുമ്പോൾ ഉണ്ടാകുന്ന സമ്മർദത്തിന്റെ ഫലമായി വ്യാപാരികൾക്കു വിലവർധിപ്പിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയാണു വേണ്ടത്. അതിനാണു കാലോചിതവും തന്ത്രപൂർവകവുമായ ഇടപെടലുകൾ വേണ്ടത്. അല്ലാതെ, സീസൺ പടിവാതിക്കലെത്തിക്കഴിയുമ്പോൾ കുറെ ഉദ്യോഗസ്ഥന്മാർ ഓടിനടന്നു സാധനങ്ങൾ വാങ്ങിക്കൂട്ടുകയും വില്പന നടത്തുകയുമല്ല വേണ്ടത്.

കുറെക്കാലം മുമ്പ്, പച്ചക്കറി വിപണിയിൽ ഫലപ്രദമായി ഇടപെടാനുദ്ദേശിച്ചു കൊണ്ടു ഹോർട്ടികൾച്ചറൽ ഡിപ്പാർട്ട്മെണ്ട് കുറെ ഹരിതസ്റ്റാളുകൾ ആരംഭിക്കുകയുണ്ടായി.

അവയുടെ സ്ഥിതി ഇപ്പോളെങ്ങനെ? മത്സ്യഫെഡിന്റെ മത്സ്യവില്പനസ്റ്റാളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? മാവേലിസ്റ്റോറുകളും ലാഭം കേന്ദ്രങ്ങളും ജനങ്ങൾക്ക് ആശ്വാസം നല്കുന്നുണ്ടോ? നീതിസ്റ്റോറുകളുടെ പ്രവർത്തനവും നീതിയുക്തമാണോ?

വിപിണയിൽ സീസണൽ ഇടപെടൽ അനിവാര്യമാണ്. പക്ഷേ, അതിനുള്ള സംവിധാനം സ്ഥിരമായിരിക്കണം. എല്ലാക്കാലത്തും ജനങ്ങൾക്ക് ആശ്വാസം നല്കാനും വിലക്കയറ്റം നിയന്ത്രിക്കാനും ഇടനിലക്കാരുടെ അമിതചൂഷണം ഒഴിവാക്കാനും കഴിയേണ്ടതാണ്. പക്ഷേ, അതു ഖജനാവു കാലിയാക്കിക്കൊണ്ടാവില്ല എന്ന് ഉറപ്പുവരുത്തുകയും വേണം.

*

# സിപിഎം തെളിയിച്ചു സമരം ഇങ്ങനെയുമാകാം



സമരം എന്നുപറഞ്ഞാൽ അടിച്ചുപൊളിക്കലാണ് എന്നു പലരും തെറ്റിദ്ധരിച്ചിരിക്കുന്ന കാലമാണിത്. 'സമരോത്സുക ജീവിതം, സർഗാത്മക യൗവനം' എന്നൊക്കെ എഴുതി വയ്ക്കുന്നവർ നല്കുന്ന സന്ദേശവും മറ്റൊന്നല്ല.

ക്ഷുഭിതയൗവനം എന്നുപറയാറുണ്ടല്ലൊ. യുവാക്കൾക്കു പെട്ടെന്നു ക്ഷോഭം വരും എന്നാണു സൂചന. ഇതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, അനുഭവജ്ഞാനം ഏറെയില്ലാത്ത ഈ ഘട്ടത്തിൽ ആദർശവാഞ്ഛ ഏറിയിരിക്കും. രണ്ട്, ശരീരത്തിന്റെ കരുത്തു മനസ്സിന്റെ കരുത്തിനെക്കാൾ അധികമായിരിക്കും.

യുവാക്കൾ പെട്ടെന്നു ക്ഷോഭിക്കാനും, അടിക്കെടാ പൊളിക്കെടാ എന്നു കേട്ടാൽ മുൻപിൻ നോക്കാതെ ചാടിപ്പുറപ്പെടാനും തയ്യാറാകുന്നത് ഇക്കാരണങ്ങളാലാണ്.

ഇക്കാലഘട്ടത്തിൽ പക്ഷേ, മുതിർന്നവർ അവരെ നിയന്ത്രിക്കാൻ തയ്യാറായാൽ അവർ അനുസരിക്കുകയും ചെയ്യും. ഇതിനു തെളിവാണ്, സിപിഎം കേരള ഹൈക്കോടതിക്കു മുന്നിൽ നവംബർ 14 തിങ്കളാഴ്ച നടത്തിയ സമരം.

പലരും ഭയപ്പെട്ടതു വൻതോതിൽ പൊതുമുതൽ നശിപ്പിക്കപ്പെടുമെന്നും തെരുവിൽ നിരപരാധികളുടെ ചോരയൊഴുകും എന്നുമായിരുന്നു. പക്ഷേ, ഒന്നും സംഭവിച്ചില്ല. ആയിരക്കണക്കിനു പാർട്ടിസഖാക്കൾ രാവിലെ 8.30 മുതൽ കോടതിക്കു ചുറ്റുമുള്ള വഴികളിൽ തിങ്ങിക്കൂടി. മുദ്രാവാക്യം വിളികളുണ്ടായില്ല. വാഹനങ്ങൾ തടഞ്ഞില്ല. യാത്രക്കാരെ വിലക്കിയില്ല.

ഒരു കല്ലുപോലും ആരുടെയും കൈയിൽ നിന്നു പറന്നില്ല. നൂറുകണക്കിനു പ്ലക്കാർഡുകളിൽ തങ്ങളുടെ പ്രതിഷേധം മുദ്രാവാക്യങ്ങളായി എഴുതിവച്ചിരുന്നു. അവ ഉയർത്തിപ്പിടിച്ചാണു സമരക്കാർ നീങ്ങിയതും കുത്തിയിരുന്നതും.

സീനിയർ മോസ്റ്റ് നേതാക്കളായ വി.എസ്.അച്യുതാനന്ദനും പിണറായി വിജയനും അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല. ഉദ്ഘാടനമില്ല. പ്രസംഗങ്ങളില്ല. ബാരിക്കേഡുകൾ തട്ടിമറിച്ചില്ല. ടിയർഗ്യാസ് ഷെല്ലുകളും ജലപീരങ്കികളും വെറുതെയിരുന്നു. പറഞ്ഞതിനു രണ്ടു മണിക്കൂർമുമ്പേ എല്ലാവരും സ്ഥലം കാലിയാക്കുകയും ചെയ്തു.

ആളുകൾ അമ്പരക്കുകയാണ്. പ്രതിഷേധസമരങ്ങൾ ഇങ്ങനെയുമാകാമെന്നോ? പുലി പുല്ലു തിന്നുകയോ? കടുവ പാലുകുടിക്കുകയോ? സിംഹം രാമനാമം ജപിക്കുകയോ? ഉവ്വ്, അങ്ങനെയും സംഭവിക്കാം. മനസ്സു നന്നാകുമെങ്കിൽ.

ഇതു പണ്ടേ, മഹാത്മാഗാന്ധി നമുക്കു പരിചയപ്പെടുത്തിത്തന്ന സമരമുറയാണ്. അക്രമരഹിതസമരം. നമ്മൾ സമരം ചെയ്യുന്നതു വ്യക്തികളോടും സ്ഥാപനങ്ങളോടുമല്ല.

തെറ്റായ നയങ്ങളോടാണ്. അനീതിയോടാണ്. അക്രമങ്ങളോടാണ്. അതിനുപകരം തെറ്റിനെ തെറ്റുകൊണ്ടും അനീതിയെ അനീതികൊണ്ടും അക്രമത്തെ അക്രമം കൊണ്ടും നേരിടാൻ ശ്രമിക്കുമ്പോൾ അപരിഷ്കൃതകാല നിയമങ്ങളാണു നടപ്പിലാകുന്നത്. പല്ലിനു പല്ലും കണ്ണിനു കണ്ണും.

ജനാധിപത്യ സംവിധാനത്തിൽ ഇതാവശ്യമില്ല. ഇവിടെ അധികാരം ജനങ്ങൾക്കാണ്. ആരു ഭരിക്കണം, ഭരിക്കരുത് എന്നു തീരുമാനിക്കുന്നതവരാണ്. മൊട്ടുസൂചി മുതൽ ബഹുനിലമന്ദിരങ്ങൾ വരെ എല്ലാം രാഷ്ട്രത്തിന്റെ സ്വത്താണ്. അതു നശിപ്പിക്കപ്പെട്ടാൽ നഷ്ടം രാഷ്ട്രത്തിനാണ്. രാഷ്ട്രം എന്നതു കല്ലും മണ്ണുമല്ല. വാഹനങ്ങളും സ്ഥാപനങ്ങളുമല്ല.

അതൊരു സങ്കല്പമാണ്. ജനങ്ങളുടെ കൂട്ടായ്മയ്ക്കു ജനങ്ങൾ തന്നെ നല്കിയപേര്. അപ്പോൾ ആത്യന്തികമായി എല്ലാ നഷ്ടങ്ങളും ജനങ്ങൾക്കാണ് ഉണ്ടാകുന്നത്.

ഇതു തിരിച്ചറിഞ്ഞേ സമരങ്ങൾ പാടുള്ളൂ. യുവാക്കൾക്ക് ഇതു പറഞ്ഞുകൊടുക്കേണ്ട കടമ മുതിർന്നവർക്കുണ്ട്. അതു ചെയ്യുന്നതിനുപകരം കുരങ്ങിനെ കള്ളു കുടിപ്പിക്കാൻ ശ്രമിച്ചാലോ? സമരങ്ങൾ അക്രമാസക്തമാകും. ക്ഷുഭിതയൗവനം കണ്ണിൽ കണ്ടതൊക്കെ അടിച്ചു പൊളിക്കും. ലാത്തിച്ചാർജും വെടിവയ്പുമുണ്ടാകും. ചോരയൊഴുകും. അവയവങ്ങൾ തകരും. ജീവനഷ്ടവുമുണ്ടാകാം.

അത്തരം പ്രക്ഷോഭങ്ങളോടു നമ്മൾ വിടപറയേണ്ട കാലം കഴിഞ്ഞു. വിവേകപൂർണമായ പ്രക്ഷോഭങ്ങളുടെ കാലമായിരിക്കുന്നു. ഈ സംക്രമണത്തിന്റെ ശുഭസൂചകമായി നമുക്കു നവംബർ 14ലെ ഹൈക്കോടതി ഉപരോധസമരത്തെ പരിഗണിക്കാൻ ഇടവരട്ടെ. *

## വാരികയെപ്പറ്റി

പ്രതിച്ഛായ കിട്ടുന്നില്ല എന്നു പലരും ഇപ്പോഴും പരാതി പറയുന്നുണ്ട്. ഇടയ്ക്കിടെ ചില കോപ്പികൾ ഓഫീസിൽ 'മേല്വിലാസക്കാരനെ അറിയില്ല' എന്ന കുറിപ്പോടെ മടങ്ങിവരുന്നുമുണ്ട്.

വ്യാഴം, വെള്ളി ദിവസങ്ങളിലാണു വാരിക തപാലിൽ അയയ്ക്കുന്നത്. ശനിയാഴ്ച അല്ലെങ്കിൽ തിങ്കളാഴ്ചയെങ്കിലും അതു കേരളത്തിന്റെ ഏതുഭാഗത്തും എത്തേണ്ടതാണ്. ഇങ്ങനെ കിട്ടുന്നില്ലെങ്കിൽ പോസ്റ്റ് ഓഫീസിൽ അന്വേഷിക്കാൻ മറക്കരുത്. എന്നിട്ടും പ്രയോജനമില്ലെങ്കിൽ പ്രതിച്ഛായ ഓഫീസിലേക്കു വിളിക്കുക.

ചിലപ്പോൾ വരിസംഖ്യാ കാലാവധി കഴിഞ്ഞുപോയതുകൊണ്ടാവും വാരിക കിട്ടാതെ വരുന്നത്. എന്നു വരിസംഖ്യ അവസാനിക്കും എന്നു റാപ്പറിൽ ചേർത്തിട്ടുണ്ട്. അതുകൂടി ശ്രദ്ധിക്കുമല്ലോ.

**ചീഫ് എഡിറ്റർ**

ഫോൺ: 0481-2564085, 9400952129

## ശ്രദ്ധിക്കുക

മരണം ദുഃഖകരമായ ഒരനുഭവമാണ്. മരണമടയുന്ന ആളുടെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും പ്രത്യേകിച്ച്. കേരളാ കോൺഗ്രസ് പ്രവർത്തകനായ ഒരു വ്യക്തിയുടെ വേർപിരിയൽ കുടുംബാംഗങ്ങളോടൊപ്പം പാർട്ടി പ്രവർത്തകർക്കും വേദനാജനകമാണ്. പക്ഷേ, അത് അനിവാര്യമാണ്. പിന്നെ നമുക്കു ചെയ്യാവുന്നത് അവരെ ആദരപൂർവം ഓർമിക്കുക മാത്രം.

നമ്മിൽ നിന്നു വേർപിരിഞ്ഞു പോകുന്ന പാർട്ടി പ്രവർത്തകരെ ഇത്തരത്തിൽ ഓർമിക്കാൻ പ്രതിച്ഛായ ആഗ്രഹിക്കുന്നു. ഒരു പേജുവരെ അതിനായി നീക്കിവയ്ക്കുന്നു-സ്മരണാഞ്ജലി.

അവരെപ്പറ്റിയുള്ള വിശദവിവരങ്ങളും ഫോട്ടോകളും യഥാസമയം എത്തിച്ചുതരാൻ സുഹൃത്തുക്കളും പാർട്ടി ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ചീഫ് എഡിറ്റർ**

# വാരവിചാരണ

**ജയ്സൺ ജോസ്**

ജനസംഖ്യാവർധനവിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിരിക്കുമ്പോഴും, സന്താനോത്പാദനത്തിനു നിയന്ത്രണങ്ങൾ വന്നുകൊണ്ടിരിക്കുമ്പോഴും കുഞ്ഞുങ്ങളുടെ ഓമനമുഖങ്ങൾ മനുഷ്യമനസ്സുകൾക്കു നല്കുന്ന ആനന്ദത്തിനു മാത്രം യാതൊരു കുറവുമില്ല. നവജാതശിശുവിന്റെ കണ്ണുകളിൽ വിരിയുന്ന അദ്ഭുതവും ചുണ്ടുകളിൽ പൊടിയുന്ന പുഞ്ചിരിയും എത്ര കഠിനഹൃദയരെയും ആർദ്രമാനസരാക്കുക തന്നെ ചെയ്യും.

അമിതാഭ് ബച്ചന്റെ മരുമകൾ സാക്ഷാൽ ഐശ്വര്യാറായ് ബച്ചനു സാധാരണ പെണ്ണുങ്ങളെപ്പോലെ പ്രസവിക്കാനാകുമോ? ഇല്ലെന്നാണു നമ്മുടെ മാധ്യമങ്ങളെങ്കിലും പറയുന്നത്! ഗതിയില്ലാത്തവരുടെ പ്രസവം സർക്കാർ ആശുപത്രിയിലെ പരിമിതസൗകര്യങ്ങളിലോ മറച്ചുകെട്ടിയ വരാന്തപ്പുറങ്ങളിലോ സംഭവിക്കുമ്പോൾ അമിതാഭിന്റെ പുത്രവധുവിനു പ്രസവിക്കാൻ ആശുപത്രിയുടെ ഒരു നിലതന്നെ വാടകയ്ക്കെടുത്തിരിക്കുകയാണ്.



പതിനഞ്ചെണ്ണത്തിനെ വരെ പ്രസവിച്ച, തൊണ്ണൂറു പിന്നിട്ട പല അമ്മച്ചിമാർക്കും ഈ പ്രസവാഘോഷം തീരെ രസിച്ചിട്ടില്ല. തങ്ങളൊക്കെ പ്രസവിച്ച പോലെ തന്നെയല്ലേ 'വിശ്വസുന്ദരി'യും പ്രസവിക്കുന്നതെന്ന ആലോചനയിലാണവർ. സ്വന്തം കുഞ്ഞിനെ പ്രസവിക്കുന്ന കാര്യം പോലും മറന്നിട്ടാണു ചില പെണ്ണുങ്ങൾ ഐശ്വര്യാറായിയുടെ പ്രസവവാർത്ത അന്വേഷിച്ചുകൊണ്ടിരിക്കുന്നത്!

അതുകൊണ്ടു തന്നെ ഓരോ മനുഷ്യശിശുവിന്റെ പിറവിയും ആകാംക്ഷാപൂർണമായ കാത്തിരിപ്പിന്റെ സാഫല്യവും കൂടിയായിത്തീരുന്നു. കുടിൽ തൊട്ടു കൊട്ടാരം വരെ ഇക്കാര്യത്തിൽ ഭേദമില്ല. അപ്പോഴും, ചില അവസരങ്ങളിൽ പ്രസവം ഒരാഘോഷവും മറ്റു ചില സാഹചര്യങ്ങളിൽ ആശ്വാസവുമായി പരിണമിക്കാറുണ്ട്.

### പ്രസവം-ആഘോഷവും ആശ്വാസവും

അമിതാഭ് ബച്ചന്റെ മരുമകൾ സാക്ഷാൽ ഐശ്വര്യാറായ് ബച്ചനു സാധാരണ പെണ്ണുങ്ങളെപ്പോലെ പ്രസവിക്കാനാകുമോ? ഇല്ലെന്നാണു നമ്മുടെ മാധ്യമങ്ങളെങ്കിലും പറയുന്നത്! ഗതിയില്ലാത്തവരുടെ പ്രസവം സർക്കാർ ആശുപത്രിയിലെ പരിമിതസൗകര്യങ്ങളിലോ മറച്ചുകെട്ടിയ വരാന്തപ്പുറങ്ങളിലോ സംഭവിക്കുമ്പോൾ അമിതാഭിന്റെ പുത്രവധുവിനു പ്രസവിക്കാൻ ആശുപത്രിയുടെ ഒരു നില തന്നെ വാടകയ്ക്കെടുത്തിരിക്കുകയാണ്.

സാധാരണക്കാരുടെ പ്രസവം ഒരു വാർത്തയല്ലാതാകുമ്പോൾ ഐശ്വര്യയുടെ പ്രസവം ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഒന്നായി മാറിയിരിക്കുകയാണ്. കക്കൂസിലും കുളിമുറിയിലും അടുക്കളയിലും ബെഡ്റൂമിലുമൊക്കെ കാമറയുമായി ഒളിഞ്ഞും തെളിഞ്ഞും കയറാൻ മടിക്കാത്ത ചാനൽകൂട്ടമിപ്പോൾ പ്രസവമുറിയിലും കയറിക്കൂടാനുള്ള ശ്രമത്തിലാണ്!

ഐശ്വര്യയുടെ പ്രസവം റിപ്പോർട്ടു ചെയ്യാൻ ആശുപത്രിപ്പടിക്കൽ കാത്തുകിടക്കുന്ന മാധ്യമപ്പടയെ വിശേഷിപ്പിക്കാൻ പറ്റിയ ഒരു പദത്തിനായി, എം.വി.ജയരാജൻ പൂജപ്പുരയിൽനിന്നു പുറത്തുവരും വരെ കാത്തിരിക്കുകയല്ലാതെ വേറെ വഴിയില്ല!

പതിനഞ്ചെണ്ണത്തിനെ വരെ പ്രസവിച്ച, തൊണ്ണൂറു പിന്നിട്ട പല അമ്മച്ചിമാർക്കും ഈ പ്രസവാഘോഷം തീരെ രസിച്ചിട്ടില്ല. തങ്ങളൊക്കെ പ്രസവിച്ച പോലെ തന്നെയല്ലേ 'വിശ്വസുന്ദരി'യും പ്രസവിക്കുന്നതെന്ന ആലോചനയിലാണവർ. സ്വന്തം കുഞ്ഞിനെ പ്രസവിക്കുന്ന കാര്യം പോലും മറന്നിട്ടാണു ചില പെണ്ണുങ്ങൾ ഐശ്വര്യാറായിയുടെ പ്രസവവാർത്ത അന്വേഷിച്ചുകൊണ്ടിരിക്കുന്നത്!

ഐശ്വര്യാറായ് ഗർഭിണിയായതും പ്രസവത്തിനു പോയതുമൊക്കെ മനുഷ്യബുദ്ധിക്കു മനസ്സിലാക്കാൻ എളുപ്പത്തിൽ സാധിക്കുമെങ്കിലും നമ്മുടെ സീരിയൽ നായികമാരുടെ ഗർഭവും പ്രസവവും അത്തരത്തിലൊന്നുമല്ല സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഹൈസ്കൂൾ ക്ലാസ്സിൽ ബയോളജി ടീച്ചർ പഠിപ്പിച്ചു തന്നതൊക്കെ തെറ്റിച്ചുകൊണ്ടാണു ഗർഭിണികളായ നമ്മുടെ പല സീരിയൽ നായികമാരുടെയും പോക്ക്.

രണ്ടുവർഷത്തോളം വരെ ഗർഭിണികളായിരുന്ന രണ്ടു സീരിയൽ നായികമാർ അടുത്തടുത്ത ആഴ്ചകളിൽ പ്രസവിച്ചതു കാഴ്ചക്കാരെ വലിയൊരങ്കലാപ്പിൽ നിന്നും രക്ഷിച്ചിരിക്കുകയാണ്. രണ്ടുവർഷത്തോളം ഗർഭക്ലേശമനുഭവിക്കുന്നതായി നടിക്കുകയും എളിക്കു കൈകുത്തി നടക്കുകയും ചെയ്തിട്ടാവാം, ഉണ്ണിമായയും അർച്ചനയും പ്രസവശേഷം അല്പം ഞെളിഞ്ഞാണു നടക്കുന്നത്. വിശ്വസുന്ദരിയുടെ പ്രസവം ആഘോഷമാണെങ്കിൽ ഈ സീരിയൽ നായികമാരുടെ പ്രസവം സാധാരണ പ്രേക്ഷകർക്കു വലിയൊരു ആശ്വാസമാണു പ്രദാനം ചെയ്തത്!

## പാവം ഭർത്താക്കന്മാർ!!

ജനങ്ങളെ കീഴ്പ്പെടുത്താൻ പല മാർഗങ്ങളുണ്ട്. യാഥാർഥ്യമല്ലാത്തതിനെ യാഥാർത്ഥ്യമായി അവതരിപ്പിക്കുന്നത് അത്തരമൊരു തന്ത്രത്തിന്റെ ഭാഗമാണ്. കണ്ണീർപരമ്പരകളിലെ നായികമാരെപ്പോലുള്ള പെണ്ണുങ്ങൾ കേരള സമൂഹത്തിൽ നിന്ന് എന്നേ അപ്രത്യക്ഷമായിക്കഴിഞ്ഞതാണ്. എന്നിട്ടും തുടരെത്തുടരെ അത്തരം 'മാതൃകാരൂപങ്ങൾ' നമ്മുടെ സ്ക്രീനിൽ തെളിയുകയും അസ്വാഭാവികത തെല്ലുമനുഭവപ്പെടാതെ നാം സ്വീകരിക്കുകയും ചെയ്യുന്നു. നല്ല സ്ത്രീയെന്നാൽ ഇങ്ങനെയായിരിക്കണമെന്നൊരു സന്ദേശമാണ് ഇതിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത്. എല്ലാ അനീതികളും അപമാനങ്ങളും




> കണ്ണീർപരമ്പരകളിലെ നായികമാരെപ്പോലുള്ള പെണ്ണുങ്ങൾ കേരള സമൂഹത്തിൽ നിന്ന് എന്നേ അപ്രത്യക്ഷമായിക്കഴിഞ്ഞതാണ്. എന്നിട്ടും തുടരെത്തുടരെ അത്തരം 'മാതൃകാരൂപങ്ങൾ' നമ്മുടെ സ്ക്രീനിൽ തെളിയുകയും അസ്വാഭാവികത തെല്ലുമനുഭവപ്പെടാതെ നാം സ്വീകരിക്കുകയും ചെയ്യുന്നു. നല്ല സ്ത്രീയെന്നാൽ ഇങ്ങനെയായിരിക്കണമെന്നൊരു സന്ദേശമാണ് ഇതിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത്. എല്ലാ അനീതികളും അപമാനങ്ങളും ചോദ്യം ചെയ്യാതെ സഹിക്കുന്നവളാണു നല്ല സ്ത്രീയെന്ന സങ്കല്പം തികച്ചും സ്ത്രീവിരുദ്ധമാണ്.

ചോദ്യം ചെയ്യാതെ സഹിക്കുന്നവളാണു നല്ല സ്ത്രീയെന്ന സങ്കല്പം തികച്ചും സ്ത്രീവിരുദ്ധമാണ്.

'സ്ത്രീ' എന്ന പേരിൽ ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത ഒരു സീരിയലിന്റെ വിജയമാണു ടെലിവിഷൻ ചാനലുകൾ മെഗാസീരിയലുകളിലേക്കു തിരിയുന്നതിന് ആക്കം കൂട്ടിയത്. 'സ്ത്രീ'യുടെ വിജയഫോർമുല കൃത്യമായി പിന്തുടർന്നാണു പിന്നീടങ്ങോട്ടു കണ്ണീർപരമ്പരകളുടെ പ്രളയമുണ്ടായത്. സർവ്വംസഹയായ പെണ്ണിന്റെ ആദർശമാതൃകകൾ പിന്നെയും നിരവധിയുണ്ടായി.

മാനസപുത്രിയിലെ സോഫിയും ഹരിചന്ദനത്തിലെ ഉണ്ണിമായയും നിലവിളക്കിലെ അർച്ചനയുമൊക്കെ ആ പട്ടികയുടെ ഇങ്ങേത്തലയ്ക്കലുള്ളവരാണ്. മലയാളികൾ ലിറ്റർ കണക്കിനു കണ്ണീർ പൊഴിക്കാനിടയാക്കിയ ആകാശദൂതെന്ന സിനിമയുടെ തുടർച്ചയും സീരിയൽ രൂപത്തിൽ ഇപ്പോൾ നമ്മുടെ വീടുകളിലേക്കെത്തിത്തുടങ്ങിയിരിക്കുകയാണ്. കണ്ണീരും കയ്യുമായി കഴിയുന്ന സ്ത്രീജന്മങ്ങൾക്കായി മലയാളിയുടെ വീടിന്റെ അകത്തളങ്ങളിൽ നിന്നും എല്ലാ ദിവസവും വൈകുന്നേരം കൃത്യം ഏഴുമണി മുതൽ ഉയരുന്ന ഗദ്ഗദങ്ങൾ ഇനി പത്തുമണി വരെ നീളുമെന്നർത്ഥം.



അനുബന്ധം: വിങ്ങിപ്പൊട്ടിയ മുഖങ്ങളുമായാണു കേരളത്തിലെ വീട്ടമ്മമാർ പലരുമിപ്പോൾ കിടക്കപ്പായയിലേക്കെത്തുന്നത്. പാവം ഭർത്താക്കന്മാർ!! അവരെന്തു പിഴച്ചു?

## ക്ലാസ്സിക്

പഴയകാല സിനിമകളുടെയൊക്കെയും റീമേക്കുകൾ വന്നുകൊണ്ടിരിക്കുന്ന കാലമാണിത്. അടുത്തിടെ ഇത്തരത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ട സിനിമയാണു 'രതിനിർവ്വേദം.' പദ്മരാജൻ–ഭരതൻ ടീമിന്റേതായി പുറത്തിറങ്ങിയ

സിനിമകളിൽ വിഷയത്തിന്റെ പ്രത്യേകത കൊണ്ടുമാത്രം ശ്രദ്ധിക്കപ്പെട്ട ഒരു സിനിമയായിരുന്നു ഇത്.

രതിനിർവ്വേദമാണു തന്റെ ഏറ്റവും മികച്ച ചിത്രമെന്നു പദ്മരാജനോ ഭരതനോ എപ്പോഴെങ്കിലും അവകാശപ്പെട്ടിട്ടുള്ളതായും അറിയില്ല. എന്നാൽ, ടി.കെ.രാജീവ്കുമാർ പുതിയ പതിപ്പുമായി വന്നപ്പോൾ 'മലയാളത്തിലെ ക്ലാസിക് സിനിമകളിലൊന്നായ' രതിനിർവ്വേദം വീണ്ടും വരുന്നുവെന്നു വിളിച്ചുകൂവാൻ നമ്മുടെ ചാനലുകൾ മടിച്ചില്ല.

'അവളുടെ രാവുകൾ' ആണത്രേ ഉടൻ വരുന്ന മറ്റൊരു ക്ലാസിക് സിനിമ. ചാനലുകളിൽ നെടുങ്കൻ ചർച്ചകൾ ഉറപ്പായും നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. ചാനലുകളൊക്കെ നടത്തുന്ന ഇത്തരം ചർച്ചകൾ റെക്കോർഡ് ചെയ്തു വച്ചതു പിന്നൊരു കാലത്ത് ആരെങ്കിലും കാണാനിടയായാലത്തെ കാര്യം ഒന്നാലോചിച്ചു നോക്കൂ. 'ഒരു കാലത്തു മലയാളികൾ മുഴുവൻ ഞരമ്പുരോഗികളായിരുന്നു എന്നാവും അവർ കരുതുക.'

രതിനിർവ്വേദമാണു ക്ലാസിക്കെങ്കിൽ ക്ലാസിക് സിനിമയെ ചാനൽകൂട്ടം എന്തു പേരിട്ടാവും വിശേഷിപ്പിക്കുക? സിനിമാലോകത്ത് എന്തോ മഹാദ്ഭുതം സംഭവിച്ചിരിക്കുന്നുവെന്ന മട്ടിലായിരുന്നു സകലമാന ചാനലുകളും വാർത്തകളും ചർച്ചകളും അഭിമുഖങ്ങളും നല്കിയത്. 'സെക്സ്' എന്നു കേൾക്കുമ്പോൾ മലയാളികൾക്കു പൊതുവേയുള്ള 'ഇക്കിളി' പരമാവധി ചൂഷണം ചെയ്യാനുള്ള തന്ത്രമായിരുന്നു ചാനലുകൾ കാണിച്ച അമിതാവേശം.

പഴയകാല ക്ലാസിക്കുകൾ പലതും റീമേക്കിനു തയ്യാറായിക്കൊണ്ടിരിക്കുകയാണെന്നതാണു പുതിയ വർത്തമാനം. 'അവളുടെ രാവുകൾ' ആണത്രേ ഉടൻ വരുന്ന മറ്റൊരു ക്ലാസിക് സിനിമ. ചാനലുകളിൽ നെടുങ്കൻ ചർച്ചകൾ ഉറപ്പായും നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. ചാനലുകളൊക്കെ നടത്തുന്ന ഇത്തരം ചർച്ചകൾ റെക്കോർഡ് ചെയ്തു വച്ചതു പിന്നൊരു കാലത്ത് ആരെങ്കിലും കാണാനിടയായാലത്തെ കാര്യം ഒന്നാലോചിച്ചു നോക്കൂ. 'ഒരു കാലത്തു മലയാളികൾ മുഴുവൻ ഞരമ്പുരോഗികളായിരുന്നു എന്നാവും അവർ കരുതുക.'



സിനിമാ പോസ്റ്ററൊട്ടിക്കാൻ മാത്രം കൊള്ളുന്ന പശയാണു മലയാളിയുടെ ഇഷ്ടപ്രഭാതഭക്ഷണമായി മാറിയിരിക്കുന്നത്. കൊളസ്ട്രോളും ആമാശയ രോഗങ്ങളും ഭക്ഷണത്തിനൊപ്പം സൗജന്യമായി കിട്ടുന്ന ഈ വൃത്തികെട്ട വിഭവത്തെ അവതരിപ്പിച്ച പംക്തിക്കു മൂല്യപാചകം എന്നു പേരിട്ട പത്രാധിപരെ സമ്മതിക്കണം!!!

### മൂല്യപാചകം

ഭക്ഷണം,വസ്ത്രം,പാർപ്പിടം എന്നിവയാണു മനുഷ്യന്റെ പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങളെന്ന് എൽ.പി.ക്ലാസ്സിൽ പഠിച്ചതു ശരിയാണെന്ന ബോധ്യം ഊട്ടിയുറപ്പിക്കുന്ന അവസ്ഥയാണിന്നുള്ളത്. ചാനലുകളിലെല്ലാം ഇവയെ കേന്ദ്രീകരിച്ചാണിന്നു പ്രോഗ്രാമുകൾ വന്നുകൊണ്ടിരിക്കുന്നത്. പുതിയ മട്ടിലുള്ള വസ്ത്രവും പാർപ്പിടവും പണ്ടുതൊട്ടേ മാധ്യമങ്ങൾ അവതരിപ്പിച്ചിരുന്നതാണെങ്കിലും പുതിയ മട്ടിലുള്ള ഭക്ഷണം മാധ്യമങ്ങളിൽ സജീവമായ ചർച്ചയായിട്ട് ഏറെക്കാലമൊന്നും ആയിട്ടില്ല.

തിന്നാൻ വേണ്ടി മാത്രം ജീവിക്കുന്നവനാണു മലയാളി എന്ന മട്ടിലായിരിക്കുന്നു കാര്യങ്ങൾ. ചാനലുകൾ ലൈവായി തീൻവിഭവങ്ങൾ തയ്യാറാക്കുമ്പോൾ അച്ചടി പ്രസിദ്ധീകരണങ്ങളെങ്ങനെയാണ് അത്തരമൊരു പംക്തി വേണ്ടെന്നു വയ്ക്കുക?

മൂല്യശ്രുതി മാസിക നവംബർ ലക്കത്തിൽ പാചകക്കുറിപ്പു നല്കിയിരിക്കുന്നു. മൂല്യപാചകം എന്നാണു പ്രസ്തുത കുറിപ്പടിയുടെ പേര്. പേരു സൂചിപ്പിക്കുന്ന മൂല്യം പാചകക്കുറിപ്പിൽ പ്രതീക്ഷിച്ചാൽ നിരാശയായിരിക്കും ഫലം. മലയാളിയെ രോഗാതുരമാക്കിക്കൊണ്ടിരിക്കുന്ന കൊലയാളി ഭക്ഷണമാണു മൂല്യപാചകമെന്ന പേരിൽ രാജു പി.വി. എന്നയാൾ അവതരിപ്പിച്ചിരിക്കുന്നത്. ''പൊറോട്ടയും ബീഫ്ഫ്രൈയും.''

പത്തു രൂപകൊടുത്തു മാസിക വാങ്ങിക്കുന്നവനു പൊറോട്ടയും ബീഫും തന്നെ ഉണ്ടാക്കിക്കൊടുക്കണം. മൈദയെന്ന വസ്തു മനുഷ്യനുണ്ടാക്കിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങളെപ്പറ്റി ഒരുവശത്തു ബോധവത്ക്കരണം നടക്കുമ്പോഴാണു മറുവശത്തുകൂടി ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. സിനിമാ പോസ്റ്ററൊട്ടിക്കാൻ മാത്രം കൊള്ളുന്ന പശയാണു മലയാളിയുടെ ഇഷ്ടപ്രഭാതഭക്ഷണമായി മാറിയിരിക്കുന്നത്. കൊളസ്ട്രോളും ആമാശയരോഗങ്ങളും ഭക്ഷണത്തിനൊപ്പം സൗജന്യമായി കിട്ടുന്ന ഈ വൃത്തികെട്ട വിഭവത്തെ അവതരിപ്പിച്ച പംക്തിക്കു മൂല്യപാചകം എന്നു പേരിട്ട പത്രാധിപരെ സമ്മതിക്കണം!!!

***

# കുരുക്കുകളിൽ തകരുന്ന കർഷകജീവിതം

എസ്. കൃഷ്ണദാസ്

കൃഷിവകുപ്പിന്റെ ഇടപെടൽ സജീവമാകേണ്ട ഗ്രാമീണമേഖലയിൽ കാലം തെറ്റി നല്കുന്ന വിത്തും വളവും കൃഷി ഓഫീസറുടെ അറിയിപ്പായി പത്രത്താളുകളിലൊതുങ്ങുന്നു. കാർഷിക മേഖല സമഗ്രമായ പരിവർത്തനത്തിനു വിധേയമാകണമെന്ന കൃഷിശാസ്ത്രജ്ഞന്മാരുടെ നിർദേശം മാറിവന്ന സർക്കാരുകളൊന്നും മുഖവിലയ്ക്കെടുത്തിട്ടില്ല.



പ്രകൃതിപാഠങ്ങളും കാലാസ്ഥവയും സമ്മാനിച്ച നാട്ടറിവുകളിൽ ഭ്രമിച്ച ഉന്മാദിയായ കർഷകന്റെ പ്രതീക്ഷകൾ തകർക്കുന്നതു 'പാഴായ്ക്കലാശിച്ച വലാഹകങ്ങൾ ഏഴെട്ടു ബാഷ്പോദകബിന്ദു മന്നിൽ വീഴിച്ചുടൻ പോയി മറഞ്ഞി'ടുമ്പോഴാണെന്നു മഹാകവി വള്ളത്തോൾ നിരീക്ഷിച്ചിട്ടുണ്ട്. ആർദ്രമായ ജലസമൃദ്ധിയോടെ ഭൂമിയുടെ ഊഷരതയ്ക്കറുതിയാവുമെന്ന് ഒരു മാത്ര നിനച്ചു കാറുകണ്ട കർഷകനു പിന്നീടു മടുപ്പിന്റെയും മനോദുഃഖത്തിന്റെയും ഹിമവർഷം!

വിനാശകരമാവുന്ന കാലപ്രകൃതിയിൽ കൃഷിയിടം തകരുന്ന കർഷകനു സുരക്ഷിതമായ ഒളിയിടമില്ല, അതുകൊണ്ടു തന്നെ സഹതാപവും എങ്ങുനിന്നുമില്ല. വിളകൾക്കുണ്ടാവുന്ന വിലയിടിവും കൃഷിപ്പിഴയും പ്രകൃതിക്ഷോഭവുമല്ല, തിരിച്ചടവു മുടങ്ങിയാൽ എല്ലാം പിടിച്ചെടുക്കാൻ ഇറങ്ങിത്തിരിക്കുന്ന ധനകാര്യസ്ഥാപനങ്ങൾക്കു മുന്നിലാണു കർഷകൻ നിസ്സഹായനാവുന്നതും, കയറിനും വിഷത്തിനുമായി വിലപ്പെട്ട ജീവൻ സമർപിക്കുന്നതും.

കൃഷിയിലുള്ള പാരമ്പര്യധാരണകളെ നിരാകരിക്കുന്നവരും ശാസ്ത്രീയ രീതികളിൽ ആശയുള്ളവരും മൗലികമാതൃക കണ്ടെത്തുന്നതിൽ പിന്നോക്കം പോവുന്നതാണു കാർഷികരംഗത്തെ പ്രതിസന്ധി. കൃഷിവകുപ്പിന്റെ ഇടപെടൽ സജീവമാകേണ്ട ഗ്രാമീണമേഖലയിൽ കാലം തെറ്റി നല്കുന്ന വിത്തും വളവും കൃഷി ഓഫീസറുടെ അറിയിപ്പായി പത്രത്താളുകളിലൊതുങ്ങുന്നു. കാർഷികമേഖല സമഗ്രമായ പരിവർത്തനത്തിനു വിധേയമാകണമെന്ന കൃഷിശാസ്ത്രജ്ഞന്മാരുടെ നിർദേശം മാറിവന്ന സർക്കാരുകളൊന്നും മുഖവിലയ്ക്കെടുത്തിട്ടില്ല. വിദഗ്ധനായ ഒരു ഡയറക്ടറെ ഇനിയും കണ്ടെത്താനായില്ലെന്ന വകുപ്പുമന്ത്രിയുടെ പരിദേവനം ഇനിയും ബാക്കി നില്ക്കുന്നു.

ശാസ്ത്രമുഖങ്ങളിലെത്താതെ പോവുന്ന അശാസ്ത്രീയ വിത്തുസംഭരണം വിളനാശമുണ്ടാക്കുമെന്ന വിദഗ്ധരുടെ മുന്നറിയിപ്പു ബോധപൂർവം തിരസ്കരിക്കുമ്പോൾ, കൃഷിഭൂമി തരിശിടാനുള്ള സമർത്ഥമായ ഉൾപ്രേരണയാണു സാധ്യമാവുന്നതും. കാർഷികവൃത്തിയിൽ അവശ്യം വേണ്ടുന്ന ബോധവത്ക്കരണം ഒരു കൈപ്പുസ്തകമായിപ്പോലും രൂപപ്പെടുന്നില്ലെങ്കിൽ, പരാജയപ്പെട്ട കൃഷിരീതി നാശത്തിന്റെ വഴിയെന്നല്ലേ ഊഹിക്കേണ്ടത്? ഉമനെൽവിത്തു പത്തുമണിക്കൂറിനു പകരം 24 മണിക്കൂറെങ്കിലും വെള്ളത്തിലിട്ടശേഷം പുതയിട്ടാലേ കിളിർക്കുകയുള്ളുവെന്നു കൃഷിവകുപ്പു വെളിപ്പെടുത്തിയത് ഒരു കർഷകന്റെ ആത്മഹത്യാക്കുറിപ്പു പുറത്തുവന്നശേഷമായിരുന്നു.

വിത്തു കിളിർക്കാതെ വന്നതിലുള്ള മനോവേദനയാണു കൈപ്പുഴ കുട്ടോമ്പുറം കാശിക്കുളത്തിൽ ശ്രീധരന്റെ ആത്മഹത്യയ്ക്കു കാരണമായത്. കൃഷിഭ

വനിൽ നിന്നും കിലോയ്ക്ക് 21 രൂപ പ്രകാരം വാങ്ങിയ വിത്തിൽ ഒരു നെന്മണിപോലും കിളിർത്തില്ലെന്നു സമീപവാസികൾ പറയുന്നു. കർഷകന്റെ മഹത്തായ കർമകാണ്ഡം വിത്തിറക്കുന്ന ആദ്യനാളുകളിൽ തന്നെ പുരയിടത്തിന്റെ ആധാരമോ ഭാര്യയുടെ ആഭരണമോ പണയപ്പെടുത്തിയുള്ളതാണ്. കാർഷികവായ്പയിലേക്കു വകയിരുത്താത്ത ബാങ്കുകൾ മറ്റാവശ്യത്തിനേ മുന്തിയ പരിഗണന നല്കൂ. എസ്.ബി.ഐ കൈപ്പുഴ ശാഖയിലും സ്വകാര്യധനകാര്യസ്ഥാപനങ്ങളിലും ഈയിനത്തിൽ ശ്രീധരൻ മൂന്നരലക്ഷത്തിന്റെ കടക്കാരനും.

ഉത്തരവാദിത്വമുള്ള സർക്കാർ സ്ഥാപനം നല്കിയ പ്രതീക്ഷകളുടെ നെൽവിത്തു ചെള്ളും മണ്ണും നിറഞ്ഞു പഴകിയതാണെന്ന യാഥാർത്ഥ്യം നിലനില്ക്കുകയാണ്. ഏക്കറിനു ശരാശരി 50 കിലോ വിത്തുവേണ്ടിടത്ത് 40 കിലോ വീതമായിരുന്നു വിതരണം. കേരള സ്റ്റേറ്റ് സീഡ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷനും, അടൂരിലെ സ്വകാര്യ ഏജൻസിയുമാണു കൃഷിവകുപ്പിനുവേണ്ടി നെൽവിത്തു വിതരണം ചെയ്തത്.

മികച്ച വിത്തിനമെന്ന് ഉറപ്പുവരുത്തേണ്ടവർ താത്ക്കാലിക ലാഭത്തിനുവേണ്ടി യാതൊരു പരിശോധനയും നടത്താതെ എന്തിന് ഇതു വിതരണം നടത്തി? കുട്ടനാടൻ പാടശേഖരങ്ങളിൽ മാത്രമല്ല, തിരുവാർപ്പു പഞ്ചായത്തിലെ 860 ഏക്കറിലും കോട്ടയം, ആലപ്പുഴ ജില്ലകളിലെ 3000 ഏക്കറിലും അശാസ്ത്രീയമായി ശേഖരിച്ച വിത്തും പതിരും കീടങ്ങളും കർഷകരുടെ തലയിൽ വച്ചു കെട്ടുകയായിരുന്നു. സർക്കാർ ഏജൻസിയുടെ അഴിമതിക്കും ലാഭക്കൊതിക്കും ഇരയായ കർഷകർ കണ്ണീർ വാർത്തു പാടം എന്നെന്നേക്കുമായി തരിശിട്ടു പാഴ്നിലമാക്കിയിടുകയാണ്.

വയനാട്ടിലാണിപ്പോൾ കർഷക ആത്മഹത്യ തുടർക്കഥയാവുന്നത്. ഒരു വിധം പ്രായമെത്തിയ അഞ്ഞൂറോളം വാഴകൾ കാട്ടുമൃഗങ്ങൾ നശിപ്പിച്ചതിലുള്ള ആഘാതമായിരുന്നു തൃക്കൈപ്പറ്റ പള്ളിക്കവല പുൽപ്പറമ്പിൽ വർഗീസ് ജീവനൊടുക്കാൻ കാരണം. കാട്ടുമൃഗങ്ങളും പ്രകൃതിയും ബാങ്കുകളും ചേർന്നു ബന്ദിയാക്കുന്ന കർഷകനെ ജപ്തി നടപടികൾക്കു വിധേയനാക്കുമ്പോൾ സർക്കാരുകൾ കടാശ്വാസ കമ്മീഷൻ റിപ്പോർട്ടിനോടുപോലും കരുണകാണിക്കുന്നില്ല.



ബജറ്റിലവതരിപ്പിക്കുന്ന നഷ്ടപരിഹാരത്തുക പിടിച്ചു വച്ചതു കഴിഞ്ഞസർക്കാരിന്റെ കാലത്താണ്. വിവിധ ബജറ്റുകളിൽ പ്രഖ്യാപിച്ച 220 കോടിരൂപയിൽ 62 കോടി അനുവദിച്ച ഇടതുസർക്കാർ, ഇതിൽ തന്നെ 19 കോടി വിതരണം ചെയ്തില്ലെന്നു രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വയനാട്ടിലെ കർഷക ആത്മഹത്യയിൽ നൊമ്പരപ്പെടുന്ന ഇന്നത്തെ പ്രതിപക്ഷം 2010-11 വർഷങ്ങളിൽ ഫണ്ടിൽ തിരിമറി കാണിച്ചെന്നാണു കടാശ്വാസ കമ്മീഷൻ റിപ്പോർട്ട്.

ബജറ്റിലവതരിപ്പിക്കുന്ന നഷ്ടപരിഹാരത്തുക പിടിച്ചുവച്ചതു കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. വിവിധ ബജറ്റുകളിൽ പ്രഖ്യാപിച്ച 220 കോടിരൂപയിൽ 62 കോടി അനുവദിച്ച ഇടതുസർക്കാർ, ഇതിൽ തന്നെ 19 കോടി വിതരണം ചെയ്തില്ലെന്നു രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വയനാട്ടിലെ കർഷക ആത്മഹത്യയിൽ നൊമ്പരപ്പെടുന്ന ഇന്നത്തെ പ്രതിപക്ഷം 2010-11 വർഷങ്ങളിൽ ഫണ്ടിൽ തിരിമറി കാണിച്ചെന്നാണു കടാശ്വാസ കമ്മീഷൻ റിപ്പോർട്ട്.

ലക്ഷക്കണക്കിന് അപേക്ഷകൾ തീർപ്പാക്കിയ കമ്മീഷന്റെ ശുപാർശപ്രകാരം കൃഷിവകുപ്പ് അനുവദിക്കുന്ന പണം സഹകരണ രജിസ്ട്രാർ വഴി ബാങ്കുകളിലെത്തിയാലേ പ്രയോജനപ്പെടു. പക്ഷേ പണം എത്തിയുമില്ല. പ്രമാണം തിരികെ ലഭിക്കാതെ കടക്കാരനായി മുതലിനും പിഴപ്പലിശയ്ക്കും തലവച്ചു കണ്ണീരിൽ മുങ്ങിത്താഴ്ന്നു മുണ്ടുമുറിസാധനങ്ങൾ അടുക്കികെട്ടുകയാണു പാവം കർഷകർ; ജപ്തിവാറണ്ട് പ്രതീക്ഷിച്ച്.

കാർഷികോത്പാദന കമ്മീഷണർ കൂടിയായ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള മൂന്നംഗസംഘത്തിന്റെ കണ്ടെത്തൽ കാർഷികരംഗം തീരെ ശോചനീയമെന്നാണ്. വയനാട് പാക്കേജ് പ്രഹേളികയായി തുടരുമ്പോഴും ആശ്വാസവചനങ്ങളുടെയും സർക്കാർ വാഗ്ദാനങ്ങളുടെയും പാനവായന അവസാനിച്ചിട്ടില്ല. കർഷക ആത്മഹത്യകളിലൂടെ വയനാടൻ മണ്ണു കരിനീലിക്കുമ്പോൾ അസ്തമിക്കുന്നതു കാർഷിക സംസ്കൃതിയാണ്.

ജൈവമണ്ഡലമാകെ ഭക്ഷ്യസമൃദ്ധിയിലാഴണമെന്ന അതിമോഹത്തോടെ മണ്ണിൽ വിയർപ്പൊഴുക്കിയ കർഷകന്റെ ജഡം നെടുനാളത്തെ അവഗണനയുടെ അനുഭവകഥ പറയുന്നുണ്ട്. സമീപഭാവികാലം ഭക്ഷ്യക്ഷാമത്തിന്റേതാവുമെന്ന സൂചനയും. നന്ദികേടിനു വിയർപ്പാറ്റുന്നവരും കർഷകപ്രേമം വായ്ത്താരിയിലൊതുക്കുന്നവരും കർഷകന്റെ ഗതികേടും മണ്ണിന്റെ മഹത്ത്വവും അറിയുന്നില്ലെങ്കിൽ അക്കല്ദാമകൾ രൂപപ്പെടുന്ന കാലം വിദൂരമല്ല.

പച്ചപ്പിന്റെ പ്രതിമാനതകളിൽ മാത്രം പ്രാമാണികരാവുന്ന ബൗദ്ധിക സാകല്യത മസനോബു ഫുക്കുവോക്കയുടെ ഒറ്റവൈക്കോൽ വിപ്ലവത്തിൽ കടിച്ചുതൂങ്ങി പ്രകൃതി കൃഷിയെ ഭക്ഷണരീതിയോടു ഘടിപ്പിക്കുകയാണ്; ഭക്ഷ്യം വിഷമെന്ന മുറവിളിയോടെ. അപ്പോഴും മുഖക്കുറിയിൽ അദ്ദേഹം രേഖപ്പെടുത്തുന്നതാണു ശ്രദ്ധേയം: പ്രകൃതിയുടെ കൂടിക്കൂടി വരുന്ന ശൂന്യവത്ക്കരണം, വിഭവങ്ങളുടെ ശോഷണം, അസ്വസ്ഥമായ മാനവ ചേതനയുടെ ശിഥിലീകരണം എന്നിവയെല്ലാം മാനവസമൂഹം എന്തോ ചിലതു നേടിയെടുക്കാനുദ്യമിച്ചതിന്റെ അനന്തരഫലമാണെന്ന്.

ഇല്ലായ്മകളുടെ മിച്ചമൂല്യം മാത്രം നേടുന്ന നിസ്വനായ മികച്ച കർഷകന്റെ സമർപ്പിതജീവിതം ധനകാര്യസ്ഥാപനങ്ങളുടെ വാറോലയിൽ കരുങ്ങി തൂങ്ങുന്നതെന്നുവന്നാൽ, ആ ഭീഷണി തകർക്കുന്നത് ഒരു നാടിനെയാണ്. മിനിമം ഗ്യാരണ്ടിയെങ്കിലും ഉറപ്പുവരുത്തേണ്ടതില്ലേ, കർഷകന്റെ ജീവനും സ്വത്തിനും സ്വകാര്യതയ്ക്കും?

*

# വാതിലെന്നും അടഞ്ഞുകിടക്കും

കിളിരൂർ രാധാകൃഷ്ണൻ

സെക്രട്ടേറിയറ്റിനു മുമ്പിൽ പശു ചാണകമിടുന്നതിന്റെ പേരിലും സഭ നിർത്തി വച്ച് അടിയന്തിര പ്രമേയം ചർച്ച ചെയ്യണമെന്ന് അലറി വിളിക്കാനും അതനുവദിക്കാത്ത സ്പീക്കറെ " താനെവിടുത്തെ സ്പീക്കറാടോ" എന്നു ചോദിച്ച് അധിക്ഷേപിക്കാനും, വാച്ച് ആൻഡ് വാർഡ് സ്ത്രീയോ പുരുഷനോ എന്നു പരിഗണിക്കാതെ കയ്യേറ്റം ചെയ്യാനും ഒടുവിൽ ഒന്നടങ്കം സഭ ബഹിഷ്ക്കരിക്കാനുമൊക്കെ ജനാധിപത്യവ്യവസ്ഥ പ്രകാരം പ്രതിപക്ഷത്തിന് അവകാശമുണ്ട്. ലക്ഷങ്ങൾ ചിലവഴിച്ചു സഭ കൂടുന്നതു തന്നെ ഈ അവകാശം ഉറപ്പാക്കാനാണ്! ഇതിനെ ഭരണപക്ഷം 'പക' എന്നു വിശേഷിപ്പിക്കുന്നതു ബൂർഷ്വാ സംസ്കാരമാകുന്നു. ജനസേവനമാണു പ്രതിപക്ഷം ചെയ്യുന്നത്. ഭരണപക്ഷമാകട്ടെ ദുർഭരണം കൊണ്ടു നാടു മുടിക്കുന്നു. ഇങ്ങനെയൊക്കെ പറയുകയും വിശ്വസിക്കുകയും ചെയ്യുന്നു പലരും.

ഇവിടെ ജനലക്ഷങ്ങൾ കുടിവെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നുണ്ട്. അതിനുവേണ്ടിയല്ലേ, അത്തരം ആയിരമായിരം അനുദിന പ്രാധാന്യമുള്ള വിഷയങ്ങൾക്കുവേണ്ടിയല്ലേ സമരം ചെയ്യേണ്ടതും, സഭയിൽ ശക്തി പ്രകടിപ്പിക്കേണ്ടതും എന്നുചോദിക്കരുത്. അതൊന്നും മാധ്യമശ്രദ്ധയ്ക്കു പറ്റിയ സംഭവങ്ങളല്ല. അതൊക്കെ പറഞ്ഞു പറഞ്ഞു ക്ലീഷേയായ കാര്യങ്ങളാണ്. ഇപ്പോൾ ശവംനാറിപ്പൂക്കൾപോലെ ദുർഗന്ധം പരത്തുന്ന വിഷയങ്ങൾ പീഡനങ്ങളും പോലീസ് മർദനവുമൊക്കെത്തന്നെയാണ്. ആ ദുർഗന്ധത്തെ സുഗന്ധമാക്കുകയാണത്രെ നമ്മുടെ കടമ!

പിന്നെ ചില വാക്കുകളുണ്ട്. അവയ്ക്കൊരു പ്രത്യേകതയുണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രമേ ഓർമ വരൂ. അതിലൊന്നാണു കിളിരൂർ. മറ്റൊന്നു വിതുര. അതൊക്കെ ഭരണത്തിൽ കയറുമ്പോൾ മറന്നുപോകും. വീണ്ടും പ്രതിപക്ഷത്ത് എത്തുമ്പോൾ ഇരട്ടി ശക്തിയോടെ ഓർമ വരും. ഓർമ വരുമ്പോഴല്ലേ ഉഷാറാകാൻ പറ്റൂ. അങ്ങനെ അനാദികാലം തൊട്ടുള്ള



**അങ്ങാടിയിൽ തോറ്റതിന്...? :** *സമ്മേളന വേളയിൽ നിയമസഭയിൽ നിന്നുള്ള ഇറങ്ങിപ്പോക്കു പതിവാക്കിയ പ്രതിപക്ഷം.*

സെക്രട്ടേറിയറ്റിനു മുമ്പിൽ പശു ചാണകമിടുന്നതിന്റെ പേരിലും സഭ നിർത്തി വച്ച് അടിയന്തിര പ്രമേയം ചർച്ചചെയ്യണമെന്ന് അലറി വിളിക്കാനും അതനുവദിക്കാത്ത സ്പീക്കറെ " താനെവിടുത്തെ സ്പീക്കറാടോ" എന്നു ചോദിച്ച് അധിക്ഷേപിക്കാനും, വാച്ച് ആൻഡ് വാർഡ് സ്ത്രീയോ പുരുഷനോ എന്നു പരിഗണിക്കാതെ കയ്യേറ്റം ചെയ്യാനും ഒടുവിൽ ഒന്നടങ്കം സഭ ബഹിഷ്ക്കരിക്കാനുമൊക്കെ ജനാധിപത്യവ്യവസ്ഥ പ്രകാരം പ്രതിപക്ഷത്തിന് അവകാശമുണ്ട്. ലക്ഷങ്ങൾ ചിലവഴിച്ചു സഭ കൂടുന്നതു തന്നെ ഈ അവകാശം ഉറപ്പാക്കാനാണ്!

സ്ത്രീപീഡനങ്ങളുടെ പേരിൽ ജനാധിപത്യ സംരക്ഷകരായ ഞങ്ങൾ മുറവിളി കൂട്ടുമ്പോൾ അതിനെയൊക്കെ 'പക' എന്നു വിശേഷിപ്പിക്കരുത്!

അച്ഛനും മകനും എതിരെ ചില ആരോപണങ്ങളുയർന്നപ്പോൾ അന്വേഷണങ്ങളും തുടർന്നു ശിക്ഷണ നടപടികളുമൊക്കെയെടുത്ത ഭരണപക്ഷം കാണിക്കുന്നതു പകയല്ലേ എന്നാണു ഞങ്ങളിപ്പോൾ തിരിച്ചു ചോദിക്കുന്നത്. സാധാരണ കത്തിടപാടുകളിൽ പോലും നമ്മൾ 'ഇവിടെയിന്നു വെള്ളിയാഴ്ച, അവിടെയും

അപ്രകാരമെന്നു വിശ്വസിക്കുന്നു" എന്ന് എഴുതാറില്ലേ? അതുപോലെ ഇതും അങ്ങ് അവഗണിച്ചാൽ പോരെ എന്നു ചോദിച്ചാൽ ഇമ്മിണി പുളിക്കും.

നിങ്ങളുടെയൊക്ക വേദനയും അപമാനവും നിങ്ങളുടേതു മാത്രമാണ്. ഇതു ഞങ്ങളുടെ പ്രശ്നമാകുമ്പോൾ കൊള്ളുന്നതു ഞങ്ങളുടെ ചങ്കിലാണ്. അപ്പോൾ ഞങ്ങൾക്കു ക്യാമറ അലർജിയുണ്ടാകും. ശബ്ദത്തിന്റെ സ്ഥായിതന്നെ താഴും. സങ്കടം വരും. അപ്പോൾ അതു പുറത്തു കാട്ടാതിരിക്കാൻ ഞങ്ങൾ അലറും. ഇതു ശുദ്ധ പകപോക്കലാണ്. ഞങ്ങളുന്നയിച്ച വമ്പൻ പ്രശ്നങ്ങളിൽ നിന്നുള്ള രക്ഷപ്പെടലാണ് എന്നൊക്കെ ഞങ്ങൾക്കു പറയേണ്ടി വരും.

ഇതൊരു പുതിയ കാര്യമൊന്നുമല്ല, പണ്ടു പണ്ടേ നാട്ടുനടപ്പു രീതിയാണ്. ഞങ്ങളുടെ നാട്ടിലെ ഒരു പഴങ്കഥ പറയാം. ഞങ്ങളുടെ ഗ്രാമത്തിൽ മറ്റെല്ലാ ഗ്രാമങ്ങളിലെയും പോലെ ഒരു നിശാസുന്ദരി സേവനം അനുഷ്ഠിച്ചിരുന്നു. ദാഹാർത്തരായ യുവധീരന്മാരുടെ ദാഹം ശമിപ്പിക്കുക എന്ന പരമ്പരാഗത സേവനം അനുഷ്ഠിച്ചുകൊണ്ട് അവർ ചെറുപ്പക്കാരുടെ പീഡനവ്യഗ്രത തണുപ്പിക്കുന്നു. അന്നൊന്നും ആരും മൂന്നു വയസുകാരിയെയും തൊണ്ണൂറ്റിമൂന്നു വയസുകാരിയെയും പീഡിപ്പിച്ചിരുന്നില്ല. അങ്ങനെ പൊതുവെ ജനം തൃപ്തരായി വിരാജിച്ചിരുന്നു. നാട്ടിൽ സമാധാനവും സൗഭാഗ്യവും പരക്കുന്നു. പൊതുസമാധാനം ഭദ്രം.

അതിനിടെ ഒരാൾക്ക് ഒരു ചെറിയ അമളി പറ്റി. സമൂഹത്തിൽ പരമമാന്യനും സ്ഥാനിയും ചില ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവനുമായ കൃഷ്ണപ്പണിക്കർഎന്ന ക്രോണിക് ബാച്ച്ലർക്ക് ഒരു മോഹം. നിശാസൂനത്തിന്റെ സുഗന്ധം ഒന്നാസ്വദിക്കണം. വൈദ്യുതിയൊന്നും ഗ്രാമങ്ങളിലെത്തിയിട്ടില്ല. നിലാവെളിച്ചത്തിൽ തലയിൽ മുണ്ടിട്ടു ടിയാൻ നിശാസുന്ദരിയുടെ കതകിൽ മെല്ലെ മുട്ടി. സ്വഭാവികമായും കസ്റ്റമറെ തിരിച്ചറിയാൻ നിശാസുന്ദരി ചോദിച്ചു; ശബ്ദം അടക്കിക്കൊണ്ട്.

ആരാ?

അപ്പോഴാണു നമ്മുടെ പണിക്കർ സാർ അപകടം മണത്തത്. തന്റെ ശരിയായ പേരു പറഞ്ഞാൽ ഇവൾ നാളെ നാട്ടിലെല്ലാരോടും പറയും. ഇനിയിപ്പോൾ എന്താ ചെയ്യുക. തന്റെ പുരയിടത്തിൽ പണിക്കു വരുന്ന ചാക്കോ മാപ്പിളയുടെ പേരു പറഞ്ഞാലോ. അതു നല്ല



**ഇന്നു നമ്മുടെ നിയമസഭ പ്രവർത്തിക്കുന്നതു പ്രതീക്ഷയ്ക്കു വകനല്കുന്ന രീതിയിലല്ല. ഒറ്റത്തടി തെങ്ങിൻ പാലത്തിൽ ഇരുഭാഗത്തുനിന്നും ആളുകൾ നടന്നു കയറിയാൽ നടുവിലെത്തുമ്പോൾ എല്ലാവരും താഴേക്കു പതിക്കും. ക്ഷമയും സഹനവും ഭൂഷണമാക്കി നാടിന്റെ നന്മയ്ക്കായി ദൈവത്തെ ഓർത്ത് അല്ലെങ്കിൽ പ്രത്യയശാസ്ത്രങ്ങളെ ഓർത്തു നിങ്ങൾ ഒന്നു സഹകരിച്ചു പ്രവർത്തിക്കണമെന്നു ഞങ്ങൾ ആശിക്കുന്നു.**

ഐഡിയയാണ്. ചീത്തപ്പേര് അയാൾക്കിരിക്കട്ടെ. പക്ഷേ, പറഞ്ഞപ്പോൾ നാക്കൊന്നു പിണങ്ങി.

ഞാൻ ചാക്കോപ്പണിക്കര്!

ങ്ഹെ ചാക്കോപ്പണിക്കരോ?

അല്ലല്ല, കൃഷ്ണൻ മാപ്പിള!

സുന്ദരി വാതിൽ തുറന്നോ ഇല്ലയോ എന്നതു കഥയിൽ വലിയ പ്രസക്തിയുള്ള ഭാഗമല്ല. പ്രിയപ്പെട്ടവരേ, നാം നമ്മുടെ മുഖം രക്ഷിക്കാൻ വല്ലവന്റെയും മുഖത്തു ചെളിവാരിയെറിഞ്ഞു കളിക്കാൻ തുടങ്ങിയിട്ടു കാലമേറെയായി. ആ കളി ഇങ്ങനെ തുടരുംതോറും സമൃദ്ധിയുടെ വാതിൽ അടഞ്ഞു തന്നെ കിടക്കും. നിയമനിർമാണ സഭയ്ക്കു വലിയ കാലതാമസമില്ലാതെ 'പകപോക്കൽസഭ'യെന്നോ കയ്യാങ്കളി സഭയെന്നൊ ഒക്കെ പേരുമാറി വീഴാൻ ഇടയുണ്ട്.

എങ്ങനെ ന്യായീകരിച്ചാലും ഇന്നു നമ്മുടെ നിയമസഭ പ്രവർത്തിക്കുന്നതു പ്രതീക്ഷയ്ക്കു വകനല്കുന്ന രീതിയിലല്ല. ഒറ്റത്തടി തെങ്ങിൻ പാലത്തിൽ ഇരുഭാഗത്തുനിന്നും ആളുകൾ നടന്നു കയറിയാൽ നടുവിലെത്തുമ്പോൾ എല്ലാവരും താഴേക്കു പതിക്കും. ക്ഷമയും സഹനവും ഭൂഷണമാക്കി നാടിന്റെ നന്മയ്ക്കായി ദൈവത്തെ ഓർത്ത്, അല്ലെങ്കിൽ പ്രത്യയശാസ്ത്രങ്ങളെ ഓർത്തു നിങ്ങൾ ഒന്നു സഹകരിച്ചു പ്രവർത്തിക്കണമെന്നു ഞങ്ങൾ ആശിക്കുന്നു.

***